R M HIGHER SECONDARY SCHOOL
RAVIVARMANUNNI MOOPIL ERADI MEMORIAL HIGH SCHOOL
MELATTUR

# RMHS MELATTUR

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## 2025-26



# അക്കാദമിക് മാസ്റ്റർ പ്ലാൻ

# 2025-26

# മാർഗരേഖ

# കാഴ്ചപ്പാട് ലക്ഷ്യങ്ങൾ

# 2025 – 26 അധ്യായനവർഷത്തിൽ വിവിധ ചുമതലകൾ വഹിക്കുന്നവർ

| | | |
|---|---|---|
| ഹെഡ് മിസ്ട്രസ് | : | യു സി ജ്യോതിടീച്ചർ |
| ഡെപ്യൂട്ടി ഹെഡ്മിസ്ട്രസ് | : | സജനി. സി ടീച്ചർ |
| സ്റ്റാഫ് സെക്രട്ടറി | : | ഷാനവാസ് മാസ്റ്റർ |
| SRG കൺവീനർ. | : | പ്രിയമോൾ. എം ടീച്ചർ |
| ജോയിൻറ്കൺവീനർ | : | അനുശ്രീ ടി ആർ ടീച്ചർ |
| മലയാളം | : | നിഷാ കൊറ്റാലിൽ ടീച്ചർ |
| അറബിക് | : | ഹാരിസ് മാസ്റ്റർ |
| സംസ്കൃതം | : | ശ്രീജിത്ത് മാസ്റ്റർ |
| ഉറുദു | : | ജാഫർ മാസ്റ്റർ |
| ഇംഗ്ലീഷ് | : | കല ടീച്ചർ |
| ഹിന്ദി | : | സുജിത ടീച്ചർ |
| ബയോളജി | : | റീജ മോഹൻദാസ് ടീച്ചർ |
| ഗണിതം | : | മീര ടീച്ചർ |
| സാമൂഹ്യശാസ്ത്രം | : | മൃദുല ടീച്ചർ |
| ഫിസിക്സ് | : | പ്രിയത ടീച്ചർ |
| കെമിസ്ട്രി | : | കൃഷ്ണപ്രഭ മാസ്റ്റർ |
| ഐ ടി | : | ആശ ടീച്ചർ |
| വിദ്യാരംഗം | : | ധന്യ ടീച്ചർ |
| എസ്എസ്എൽസി | : | സുനിൽ മാസ്റ്റർ |
| പരീക്ഷ | : | ശ്രീജിത്ത് മാസ്റ്റർ |
| സ്കൂൾ ലീഡർ | : | |

# ക്ലബ്ബ് കൺവീനർമാർ

| | | |
|---|---|---|
| ഇംഗ്ലീഷ് | : | ധന്യ രാമകൃഷ്ണൻ ടീച്ചർ |
| ഹിന്ദി | : | സ്മിത ടീച്ചർ |
| സാമൂഹ്യശാസ്ത്രം | : | ഷെറിൻ ഫാത്തിമ ടീച്ചർ |
| സയൻസ് | : | സുനീഷ് മാസ്റ്റർ |
| ഗണിതം | : | രാധ ടീച്ചർ |
| ലഹരി ക്ലബ് | : | ഉബൈദ് മാസ്റ്റർ |
| ഫോറസ്ട്രി ക്ലബ് | : | കൃഷ്ണപ്രസാദ് മാസ്റ്റർ |
| സ്കൗട്ട് ആൻഡ് ഗൈഡ്സ് | : | ഷിജുമാസ്റ്റർ ,നിയാസുദ്ധീൻ മാസ്റ്റർ |
| എസ് പി സി | : | ശശികുമാർ മാസ്റ്റർ, പ്രവിത ടീച്ചർ |
| ജെ ആർ സി | : | അഫീഫ് മാസ്റ്റർ ,ഇന്ദു ടീച്ചർ |
| ലിറ്റിൽ കൈറ്റ്സ് | : | മുസ്തഫ മാസ്റ്റർ ,ലക്ഷ്മി ധന്യ ടീച്ചർ |

# ആമുഖം

അനുദിനം മാറിക്കൊണ്ടിരിക്കുന്ന ലോകത്തിൽ സക്രിയമായി ഇടപെട്ട് ജീവിക്കാൻ ആവശ്യമായ ശേഷികളും ധാരണകളും മനോഭാവങ്ങളും രൂപീകരിച്ച് സമൂഹത്തെ മുന്നോട്ടു നയിക്കാൻ വ്യക്തികളെ പ്രാപ്തരാക്കുക എന്നതാണല്ലോ വിദ്യാഭ്യാസത്തിൻ്റെ ആത്യന്തിക ലക്ഷ്യം. വ്യക്തികളുടെ വികസനത്തിലൂടെ സാമൂഹിക പുരോഗതിയാണ് നാം ലക്ഷ്യം വയ്ക്കുന്നത് വികസനോന്മുഖ ഒരു സമൂഹ നിർമ്മിതിക്ക് ഉതകുന്ന വിധത്തിൽ വിദ്യാഭ്യാസ പ്രക്രിയയെ രൂപകൽപ്പന ചെയ്യേണ്ടതുണ്ട്. മികച്ചതും സുസ്ഥിരവുമായ ഭാവി കൈവരിക്കുന്നതിനായി 2015 ൽ വികസനത്തിന്റെ 17 സൂചികകൾ സൂചിപ്പിക്കുകയും അവ നിർവചിക്കുകയും ചെയ്തു .ദാരിദ്ര്യം ഇല്ലായ്മ, വിശപ്പുരഹിതം ,നല്ല ആരോഗ്യവും ക്ഷേമവും, ഗുണനിലവാരമുള്ള വിദ്യാഭ്യാസം ,ലിംഗ സമത്വം തുടങ്ങിയ 17 സൂചികകളിൽ നാലാമതായി പറഞ്ഞിരിക്കുന്ന ഗുണനിലവാരമുള്ള വിദ്യാഭ്യാസം എന്നത് മറ്റെല്ലാത്തിൻ്റെയും അടിസ്ഥാനമായി വർത്തിക്കുന്നു. ഗുണനിലവാരമുള്ള വിദ്യാഭ്യാസം എന്ന സൂചകത്തിന് 10 ലക്ഷ്യങ്ങളും നിർവചിച്ചിട്ടുണ്ട് (അനുബന്ധം) നോക്കുക .എല്ലാവരെയും ഉൾക്കൊള്ളുന്നതും തുല്യതയുള്ളതുമായ ഗുണനിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പാക്കുകയും എല്ലാവർക്കും ആജീവനാന്തം പഠനാ അവസരങ്ങൾ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എന്നതാണ് ഇതിൻറെ ദൗത്യം. കേരളം മറ്റു പല രംഗങ്ങളിലും എന്നപോലെ വിദ്യാഭ്യാസ രംഗത്തും ഏറെ നേട്ടങ്ങൾ കൈവച്ചിട്ടുണ്ട് വിവിധ സർക്കാരുകളുടെ വികസനാത്മകമായ ഇടപെടലുകളും പ്രബുദ്ധരായ സമൂഹത്തിന്റെ സഹകരണവും സഹായങ്ങളും വിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വം പരമായ പങ്കും

ഇവിടെ നടപ്പാക്കിയ വിവിധ പ്രോജക്ടുകളും ഈ പുരോഗതിക്ക് കാരണമായിട്ടുണ്ട് അതിലെല്ലാമുപരിഅധ്യാപക സമൂഹത്തിൻറെ അക്ഷീണ പ്രയത്നംഇതിന് ഉത്തേജകമായിട്ടുണ്ട് സംസ്ഥാനത്ത് നടപ്പിലാക്കിയ പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം വിദ്യാഭ്യാസ രംഗത്ത് അഭൂതപൂർവമായ ഉണർവ് സൃഷ്ടിച്ചു .ഇതിൻറെ ഭാഗമായി വിദ്യാലയങ്ങൾ ഭൗതിക രംഗത്തും അക്കാദമിക രംഗത്തും ഏറെ നേട്ടങ്ങൾ കൈവരിച്ചു. പൊതു വിദ്യാലയങ്ങളിലേക്ക് മുൻകാലങ്ങളിൽ ഇല്ലാത്ത വിധം ലക്ഷക്കണക്കിന് കുട്ടികൾ പുതിയതായി വന്നുചേർന്നു. സമൂഹത്തിന് പൊതുവിദ്യാലയങ്ങളിൽ ഉള്ള വിശ്വാസം വർധിച്ചതിന്റെ വ്യക്തമായ സൂചനയാണിത്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി അക്കാദമിക രംഗം കൂടുതൽ ശക്തമാക്കുന്നതിനായി എല്ലാ വിദ്യാലയങ്ങളിലും അക്കാദമിക മാസ്റ്റർപ്ലാനുകൾ തയ്യാറാക്കി. പല വിദ്യാലയങ്ങളും മാസ്റ്റർ പ്ലാനുകൾകൾക്ക് അനുസരിച്ച് മികച്ച പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നല്ല മാതൃകകകൾ സൃഷ്ടിച്ചിട്ടുണ്ട്.നവകേരള സൃഷ്ടിക്ക് തയ്യാറെടുക്കുന്ന നമ്മുടെ സംസ്ഥാനത്തിന് ഇത്തരം നേട്ടങ്ങൾ നാഴികക്കല്ലുകൾ ആണ്. ദേശീയ അന്തർദേശീയ തലങ്ങളിൽ നടന്ന വിവിധ പഠനങ്ങളിൽ കേരളം വിദ്യാഭ്യാസത്തിൽ ഏറെ മുന്നിലാണെന്ന് സൂചിപ്പിച്ചിട്ടുണ്ട് സുസ്ഥിരവികസന സൂചികളിൽ മേൽകൈ നേടുവാൻ നമ്മെ സഹായിച്ചത് പൊതു വിദ്യാഭ്യാസ രംഗത്തെ മുന്നേറ്റം കൂടിയാണ് ലോകത്തിനാകമാനം കേരളം മാതൃകയാണെന്ന് അഭിമാനം കൊള്ളുമ്പോഴും വിദ്യാഭ്യാസരംഗത്ത് നാം കൈവരിച്ച നേട്ടങ്ങൾ ഓരോ വിദ്യാർത്ഥിക്കും ദേശ,ഭാഷ,വർഗ്ഗ, വർണ്ണ, ലിംഗ ഭേദമന്യേ ലഭ്യമാക്കുക എന്ന ലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടോ എന്ന് ചിന്തിക്കേണ്ടതുണ്ട്. വിദ്യാഭ്യാസ അവകാശ നിയമത്തിൽ പരാമർശിക്കുന്ന വിദ്യാർത്ഥിയുടെ അവകാശമായ ഗുണമേന്മയുള്ള

വിദ്യാഭ്യാസം എല്ലാവർക്കും എന്ന ലക്ഷ്യം ഇനിയും പ്രാപ്യമാവേണ്ടതുണ്ട്.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് നമ്മുടെ വിദ്യാലയങ്ങളെ സമൂലമായി മാറ്റിയെടുക്കേണ്ടതുണ്ട്. അതിനായി വിദ്യാലയ സമൂഹവും അധ്യാപകരും വിദ്യാഭ്യാസ സംവിധാനങ്ങളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും കൂട്ടായി യത്നിക്കണം .നമ്മുടെ വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റാനുള്ള ശ്രമത്തിന്റെ ഭാഗമാണ് അക്കാദമിക മാസ്റ്റർ പ്ലാൻ. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി മുൻ വർഷങ്ങളിൽ വിദ്യാലയങ്ങൾ തയ്യാറാക്കിയ അക്കാദമിക മാസ്റ്റർ പ്ലാനുകൾ വേണ്ടത്ര ഫലപ്രദമായി നടപ്പാക്കാൻ പ്രളയം, മഹാമാരി തുടങ്ങിയ കാരണങ്ങളാൽ നമുക്ക് കഴിയാതെ വന്നിട്ടുണ്ട്. അനുസ്യൂതം മാറിക്കൊണ്ടിരിക്കുന്ന ലോകക്രമത്തിൽ കാലാനുസൃതമായ മാറ്റങ്ങളുടെ അക്കാദമിക മാസ്റ്റർ പ്ലാൻ പുനർ നിർമിക്കേണ്ടതുണ്ട്. കോവിഡ് മഹാമാരി വിദ്യാഭ്യാസ രംഗത്ത് സൃഷ്ടിച്ച പ്രതിസന്ധി പരിഹരിക്കുന്നതിനും പുതിയ പദ്ധതിയിൽ പ്രവർത്തനങ്ങൾ ഉണ്ടാകേണ്ടതുണ്ട് .

2022ൽ ആരംഭിച്ച പതിനാലാം പഞ്ചവത്സര പദ്ധതിക്കാലത്ത് നമ്മുടെ വിദ്യാലയങ്ങൾ ഏതുതരത്തിൽ ആയിത്തീരണമെന്ന് വിഭാവനം ചെയ്തിട്ടുണ്ട്. അത്തരത്തിൽ ആകുന്നതിന് തടസ്സം നിൽക്കുന്ന പ്രശ്നങ്ങളെ സ്കൂൾതലത്തിൽ ചർച്ച ചെയ്തു കണ്ടെത്തണം. ഈ പ്രശ്നങ്ങളുടെ പരിഹാരത്തിനായുള്ള പ്രവർത്തനങ്ങൾ കൂട്ടായി കണ്ടെത്തുകയും അവയ്ക്ക് മുൻഗണന നിശ്ചയിക്കുകയും വേണം. അവയിൽ ഓരോ വർഷവും നടപ്പാക്കേണ്ട പ്രവർത്തനങ്ങൾ കണ്ടെത്തി അവയെ സമയബന്ധിതമായി നടപ്പാക്കാൻ കലണ്ടറും തയ്യാറാക്കണം.

പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ ലോകത്താകമാനം വന്ന മാറ്റങ്ങൾ, കോവിഡാനന്തരം പഠനബോധന രീതികളിൽ വന്ന മാറ്റങ്ങൾ,സുസ്ഥിരവികസന സൂചികകൾ ,നടപ്പാക്കുന്ന വിദ്യാകിരണം പദ്ധതി, കേന്ദ്രസർക്കാരിന്റെ ദേശീയ വിദ്യാഭ്യാസ നയത്തിന്റെ സാധ്യതകൾ എന്നിവയെല്ലാം പരിഗണിക്കേണ്ടതുണ്ട്.

## ദർശനം

കേരളത്തിലെ ഓരോ വിദ്യാർത്ഥിക്കും തുല്യതയോടെ അതാത് തലങ്ങളിലുള്ള പഠന നേട്ടങ്ങൾ ആധുനിക സങ്കേതങ്ങളെ പരമാവധി പ്രയോജനപ്പെടുത്തി ആസ്വാദ്യകരമായി ലഭ്യമാക്കാൻ ഉതകുന്ന രീതിയിൽ ഓരോ വിദ്യാലയത്തിലും നല്ല പഠനാന്തരീക്ഷവും മികച്ച പഠന രീതികളും സംജാതമാകുന്നു

## ലക്ഷ്യങ്ങൾ

*ഓരോ വിദ്യാർത്ഥിക്കും വിദ്യാലയ അന്തരീക്ഷവും പഠന പ്രവർത്തനവും അങ്ങേയറ്റം ആസ്വാദ്യകരമാക്കുന്നു.

*വിദ്യാലയങ്ങളിൽ കുട്ടികളുടെ പൂർണ്ണ പങ്കാളിത്തം ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു

വിദ്യാർഥികൾക്ക് ക്ലാസ് മുറിയിലെ പഠന പ്രവർത്തനങ്ങൾക്ക് പുറമേ കലാകായിക പ്രവൃർത്തിപരിചയ പഠന പ്രവർത്തനങ്ങളിൽ സജീവമായി ഇടപെടുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കുന്നു.

*വിദ്യാലയത്തിലെ പഠന പിന്തുണ സംവിധാനങ്ങളായ ലബോറട്ടറി, ലൈബ്രറി, കമ്പ്യൂട്ടർ എന്നിവയെല്ലാം എല്ലാ വിദ്യാർത്ഥികൾക്കും ഒരുപോലെ പ്രാപ്തമാക്കുകയും അവ പരമാവധി പ്രയോജനപ്പെടുത്തുകയും ചെയ്യുന്നു.

1921 ൽ ആദ്യമായി മേലാറ്റൂർ പ്രവർത്തനം ആരംഭിച്ച സ്വദേശി സമാജം ഹിന്ദു എലിമെന്ററി സ്കൂൾ ആണ് പടിപടിയായി ഉയർന്ന് ഇന്നത്തെ പ്രൗഢഗംഭീരമായ ആർ എം എച്ച്എസ്എസ് ആയി വളർന്നു നിൽക്കുന്നത് 1957ൽ ശ്രീ രവിവർമനുണ്ണി മൂപ്പിൽ ഏറാടിക്ക് മേലാറ്റൂരിൽ ഒരു ഹൈസ്കൂൾ അനുവദിച്ചുകൊണ്ട് ഒരു സർക്കാർ ഉത്തരവ് വന്നു ഒമ്പതാം ക്ലാസ്സ് വരെ അന്നു ക്ലാസുകൾ തുടങ്ങി ടി ശങ്കരൻകുട്ടി വാര്യർ ആയിരുന്നു ഹെഡ്മാസ്റ്റർ സ്കൂൾ നടത്തിപ്പിനായി കമ്മറ്റി രൂപീകരിക്കുകയും രവിവർമനുണ്ണി മൂപ്പിൽ ഏറാടി മാനേജറായും വാസുദേവ പണിക്കർ ട്രഷറർ ആയും ശങ്കരൻകുട്ടി വാരിയർ സെക്രട്ടറിയായും തെരഞ്ഞെടുക്കപ്പെട്ടു തുടർന്ന് മേലാറ്റൂർ വിദ്യാഭ്യാസ സൊസൈറ്റി രജിസ്റ്റർ ചെയ്തു 1975 ൽ വിദ്യാർത്ഥി സമരത്തെ തുടർന്ന് ഗവൺമെന്റ് ഏറ്റെടുത്ത സ്കൂൾ 20/06/1984 ന് വീണ്ടും സൊസൈറ്റിക്ക് തിരിച്ചു കിട്ടി 1986 സൊസൈറ്റി നിർമിച്ച മൂന്നുനില കെട്ടിടം അന്നത്തെ വിദ്യാഭ്യാസ മന്ത്രി ടി എം ജേക്കബ് ഉദ്ഘാടനം ചെയ്തു തുടർന്ന് അന്നത്തെ വെൽഫയർ സൊസൈറ്റി അംഗമായിരുന്ന ഇന്നത്തെ ബഹുമാന്യനായ മാനേജർ മേലാറ്റൂർ പത്മനാഭൻ എന്ന അപ്പുവേട്ടന്റെ നേതൃത്വത്തിൽ ആർ എം എച്ച്എസ്എസ് എന്ന ഈ സരസ്വതി ക്ഷേത്രം അതിന്റെ വിജയ കുതിപ്പുകൾ തുടരുന്നു

*സുസ്ഥിരവികസന കാഴ്ചപ്പാടിലൂടെ വിദ്യാലയത്തിലെ വിഭവങ്ങൾ (കളി ഉപകരണങ്ങൾ, ഉദ്യാനം, മൈതാനം) എന്നിവ വിദ്യാർത്ഥി

സൗഹൃദമായി രൂപകൽപ്പന ചെയ്യുകയും വിദ്യാർത്ഥികളോടൊപ്പം സമൂഹത്തിന് ആകെ ഉപയോഗപ്രദമാക്കുന്നു

*ഓരോ അധ്യാപികയും ആധുനിക സാങ്കേതികവിദ്യയുടെകൂടി സഹായത്താൽ നിരന്തരം അറിവുകൾ പുനർ നിർമ്മിക്കുകയും പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പാക്കുകയും ചെയ്യുന്നു.

വിദ്യാർത്ഥികളും വിദ്യാർത്ഥികളും തമ്മിലും വിദ്യാർത്ഥികളും അധ്യാപകരും തമ്മിലും അധ്യാപകരും അധ്യാപകരും തമ്മിലും അധ്യാപകരും സമൂഹവും തമ്മിലും ഊഷ്മളമായ ബന്ധങ്ങൾ ഉണ്ടാക്കാനുതകുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു .

ഓരോ വിദ്യാർത്ഥിയേയും ഒരു യൂണിറ്റായി കണ്ടുകൊണ്ട് അവരുടെ പരമാവധി വികാസം സാധ്യമാകുന്ന തരത്തിൽ വിദ്യാലയങ്ങളെ സജ്ജമാക്കുന്നു .

പാർശ്വവൽക്കരിക്കപ്പെട്ടതും പ്രത്യേക പരിഗണന അർഹിക്കുന്നതുമായ കുട്ടികളുടെ അക്കാദമിക ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്യുന്നു.

# ഉള്ളടക്കം


- ആമുഖം
- പൊതുലക്ഷ്യങ്ങൾ
- സ്കൂളിന്റെ ചരിത്രം
- ഭൗതിക സാഹചര്യം
- പദ്ധതി രൂപീകരണ പ്രക്രിയ
- വാർഷിക പ്രവർത്തന കലണ്ടർ ,പ്രതിമാസ കലണ്ടർ
- ആസൂത്രണ പ്രവർത്തനങ്ങൾ
- ക്ലബ് പ്രവർത്തനങ്ങൾ
- ഉച്ചഭക്ഷണം
- പാഠ്യേതര പ്രവർത്തനങ്ങൾ
- അക്കാദമിക പ്രവർത്തനങ്ങൾ (ക്ലാസ് ലൈബ്രറി, സയൻസ് ഗണിത ഐ.ടി ലാംഗേജ് ലാബുകൾ, ഭിന്നശേഷിയുള്ള കുട്ടികളുടെ വികസനം)
- വിഷയമേഖലകൾ
- മോണിറ്ററിംഗ് കമ്മിറ്റി
- വിദ്യാലയ വികസന സമിതി
- അധ്യാപകരുടെ എണ്ണം
- അധ്യാപേകതര ജീവനക്കാർ
- ദിവസവേതന ജീവനക്കാർ
- വിദ്യാലയ ഭൗതിക അന്തരീക്ഷം

# പൊതുലക്ഷ്യങ്ങൾ

- സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും അതാതു ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തും.
- ഒരു ഘട്ടം പൂർത്തിയാകുമ്പോഴും ഹൈസ്കൂൾ കുട്ടി നേടേണ്ട അറിവും ശേഷിയും മുൻകൂട്ടി തയ്യാറാക്കി രക്ഷകർത്താക്കൾ അടക്കമുള്ള സമൂഹത്തെ അറിയിക്കും.
- എല്ലാ കുട്ടികൾക്കും മലയാളം ,ഇംഗ്ലീഷ് ,ഹിന്ദി ഭാഷകൾ എഴുതാനും വായിക്കാനും ഉള്ള ശേഷി ഉറപ്പുവരുത്തും. 1921ൽ ആദ്യമായി മേലാറ്റൂർ പ്രവർത്തനം ആരംഭിച്ച സ്വദേശി സമാജം ഹിന്ദു എലിമെന്ററി സ്കൂൾ ആണ് പടിപടിയായി ഉയർന്ന് ഇന്നത്തെ പ്രൗഢഗംഭീരമായ ആർ എം എച്ച്എസ്എസ് ആയി വളർന്നു നിൽക്കുന്നത് 1957ൽ ശ്രീ രവിവർമനുണ്ണി മൂപ്പിൽ ഏറാടിക്ക് മേലാറ്റൂരിൽ ഒരു ഹൈസ്കൂൾ അനുവദിച്ചുകൊണ്ട് ഒരു സർക്കാർ ഉത്തരവ് വന്നു ഒമ്പതാം ക്ലാസ്സ് വരെ അന്നു ക്ലാസുകൾ തുടങ്ങി ടി ശങ്കരൻകുട്ടി വാര്യർ ആയിരുന്നു ഹെഡ്മാസ്റ്റർ സ്കൂൾ നടത്തിപ്പിനായി കമ്മറ്റി രൂപീകരിക്കുകയും രവിവർമനുണ്ണി മൂപ്പിൽ ഏറാടി മാനേജറായും വാസുദേവ പണിക്കർ ട്രഷറർ ആയും ശങ്കരൻകുട്ടി വാരിയർ സെക്രട്ടറിയായും തെരഞ്ഞെടുക്കപ്പെട്ടു തുടർന്ന് മേലാറ്റൂർ വിദ്യാഭ്യാസ സൊസൈറ്റി രജിസ്റ്റർ ചെയ്തു 1975 ൽ വിദ്യാർത്ഥി സമരത്തെ തുടർന്ന് ഗവൺമെന്റ് ഏറ്റെടുത്ത സ്കൂൾ 20/06/1984ന് വീണ്ടും സൊസൈറ്റിക്ക് തിരിച്ചു കിട്ടി 1986 സൊസൈറ്റി നിർമിച്ച മൂന്നുനില കെട്ടിടം അന്നത്തെ വിദ്യാഭ്യാസ മന്ത്രി ടി എം ജേക്കബ് ഉദ്ഘാടനം ചെയ്തു തുടർന്ന് അന്നത്തെ വെൽഫയർ സൊസൈറ്റി അംഗമായിരുന്ന ഇന്നത്തെ ബഹുമാന്യനായ മാനേജർ മേലാറ്റൂർ പത്മനാഭൻ എന്ന അപ്പുവേട്ടന്റെ നേതൃത്വത്തിൽ ആർ എം എച്ച്എസ്എസ് എന്ന ഈ സരസ്വതി ക്ഷേത്രം അതിന്റെ വിജയ കുതിപ്പുകൾ തുടരുന്നു
- എല്ലാ കുട്ടികളുടെയും പഠനനിലവാരം ഡി പ്ലസിന് മുകളിൽ ആയിരിക്കും.
- സമൂഹത്തിൽ ഉത്തരവാദിത്തങ്ങൾ ഏറ്റെടുക്കാൻ, ലക്ഷ്യങ്ങൾ നേടാൻ പ്രാപ്തമാക്കുക.

● പോഷകസമൃദ്ധമായ ഭക്ഷണവും ആരോഗ്യപരമായ സ്കൂൾ അന്തരീക്ഷവും ഉറപ്പുവരുത്തുക.

● കുട്ടികളുടെ കലാപരവും കായികവുമായ കഴിവ് പരമാവധി പ്രോത്സാഹിപ്പിച്ച് സംസ്ഥാന ,ദേശീയ, അന്തർദേശീയ തലത്തിൽ ശ്രദ്ധേയമായ പൗരന്മാരാക്കുക.

● അന്താരാഷ്ട്ര പഠനനിലവാരം ഉറപ്പുവരുത്താൻ ആവശ്യമായ പഠനോപകരണങ്ങൾ ഭൗതിക സൗകര്യങ്ങൾ എന്നിവ ഉറപ്പാക്കുക.

● ഉന്നത നിലവാരത്തിലുള്ള അധ്യാപനം ഉറപ്പാക്കാൻ അധ്യാപക ശാക്തീകരണ പരിപാടികൾ ആസൂത്രണം ചെയ്യും.

● ഐ.സി.ടി. പഠനത്തിന് ആവശ്യമായ ഭൗതിക സൗകര്യങ്ങളും അക്കാദമിക തയ്യാറെടുപ്പുകളും ഉറപ്പാക്കും.

● പഠനത്തിൽ പിന്നാക്കക്കാരെ തുടക്കത്തിൽ കണ്ടെത്തി ആവശ്യമായ സഹായം ലഭ്യമാക്കും.

● ക്യാമ്പസ് തന്നെ പാഠപുസ്തകം എന്ന ആശയത്തെ ജനകീയമായി വികസിപ്പിച്ചെടുക്കും.

● സ്കൂൾ പ്രവർത്തനങ്ങൾ ഫലപ്രദമാക്കുന്നതിന് ജനകീയ ഇടപെടൽ ഉറപ്പാക്കും പ്രാദേശിക വിഭവം ഉപയോഗപ്പെടുത്തും.

● സ്കൂൾ ലൈബ്രറിയിലെ ബോറട്ടറികൾ ലാബുകൾ എന്നിവ ആധുനികവൽക്കരിച്ച പഠനപ്രക്രിയ 1921ൽ ആദ്യമായി മേലാറ്റൂർ പ്രവർത്തനം ആരംഭിച്ച സ്വദേശി സമാജം ഹിന്ദു എലിമെന്ററി സ്കൂൾ ആണ് പടിപടിയായി ഉയർന്ന് ഇന്നത്തെ പ്രൗഢഗംഭീരമായ ആർ എം എച്ച്എസ്എസ് ആയി വളർന്നു നിൽക്കുന്നത് 1957ൽ ശ്രീ രവിവർമനുണ്ണി മൂപ്പിൽ ഏറാടിക്ക് മേലാറ്റൂരിൽ ഒരു ഹൈസ്കൂൾ അനുവദിച്ചുകൊണ്ട് ഒരു സർക്കാർ ഉത്തരവ് വന്നു ഒമ്പതാം ക്ലാസ്സ് വരെ അന്നു ക്ലാസുകൾ തുടങ്ങി ടി ശങ്കരൻകുട്ടി വാര്യർ ആയിരുന്നു ഹെഡ്മാസ്റ്റർ സ്കൂൾ നടത്തിപ്പിനായി കമ്മറ്റി രൂപീകരിക്കുകയും രവിവർമനുണ്ണി മൂപ്പിൽ ഏറാടി മാനേജറായും വാസുദേവ പണിക്കർ ട്രഷറർ ആയും ശങ്കരൻകുട്ടി വാരിയർ സെക്രട്ടറിയായും തെരഞ്ഞെടുക്കപ്പെട്ടു തുടർന്ന് മേലാറ്റൂർ വിദ്യാഭ്യാസ സൊസൈറ്റി രജിസ്റ്റർ ചെയ്തു 1975 ൽ വിദ്യാർത്ഥി

സമരത്തെ തുടർന്ന് ഗവൺമെന്റ് ഏറ്റെടുത്ത സ്കൂൾ 20/06/1984ന് വീണ്ടും സൊസൈറ്റിക്ക് തിരിച്ചു കിട്ടി 1986 സൊസൈറ്റി നിർമിച്ച മൂന്നുനില കെട്ടിടം അന്നത്തെ വിദ്യാഭ്യാസ മന്ത്രി ടി എം ജേക്കബ് ഉദ്ഘാടനം ചെയ്തു തുടർന്ന് അന്നത്തെ വെൽഫയർ സൊസൈറ്റി അംഗമായിരുന്ന ഇന്നത്തെ ബഹുമാന്യനായ മാനേജർ മേലാറ്റൂർ പത്മനാഭൻ എന്ന അപ്പുവേട്ടന്റെ നേതൃത്വത്തിൽ ആർ എം എച്ച്എസ്എസ് എന്ന ഈ സരസ്വതി ക്ഷേത്രം അതിന്റെ വിജയ കുതിപ്പുകൾ തുടരുന്നു

- കാര്യക്ഷമമാക്കും.
- മദ്യപാനം, മയക്കുമരുന്ന് തുടങ്ങിയ ലഹരി വസ്തുക്കളുടെ ഉപയോഗം ഒഴിവാക്കാൻ ആവശ്യമായ ഇടപെടലുകൾ നടത്തും.
- സ്കൂളിൽ കുട്ടികളെ കേന്ദ്രീകരിച്ച് ജൈവവൈവിധ്യ പാർക്ക് ഉണ്ടാക്കുകയും അത് നിലനിർത്താനുള്ള ശ്രമങ്ങൾ നടത്തുകയും ചെയ്യും.

# സ്കൂൾ ചരിത്രം

1921 ൽ ആദ്യമായി മേലാറ്റൂർ പ്രവർത്തനം ആരംഭിച്ച സ്വദേശി സമാജം ഹിന്ദു എലിമെന്ററി സ്കൂൾ ആണ് പടിപടിയായി ഉയർന്ന് ഇന്നത്തെ പ്രൗഢഗംഭീരമായ ആർ എം എച്ച്എസ്എസ് ആയി വളർന്നു നിൽക്കുന്നത്

1957ൽ ശ്രീ രവിവർമനുണ്ണി മൂപ്പിൽ ഏറാടിക്ക് മേലാറ്റൂരിൽ ഒരു ഹൈസ്കൂൾ അനുവദിച്ചുകൊണ്ട് ഒരു സർക്കാർ ഉത്തരവ് വന്നു. ഒമ്പതാംക്ലാസ്സ് വരെ അന്നു ക്ലാസുകൾ തുടങ്ങി ടി ശങ്കരൻകുട്ടി വാര്യർ ആയിരുന്നു ഹെഡ്മാസ്റ്റർ. സ്കൂൾ നടത്തിപ്പിനായി കമ്മറ്റി രൂപീകരിക്കുകയും രവിവർമനുണ്ണി മൂപ്പിൽ ഏറാടി മാനേജറായും വാസുദേവ പണിക്കർ ട്രഷറർ ആയും ശങ്കരൻകുട്ടി വാരിയർ സെക്രട്ടറിയായും തെരഞ്ഞെടുക്കപ്പെട്ടു തുടർന്ന് മേലാറ്റൂർ വിദ്യാഭ്യാസ സൊസൈറ്റി രജിസ്റ്റർ ചെയ്തു 1975 ൽ വിദ്യാർത്ഥി സമരത്തെ തുടർന്ന് ഗവൺമെന്റ് ഏറ്റെടുത്ത സ്കൂൾ 20/06/1984ന്

വീണ്ടും സൊസൈറ്റിക്ക് തിരിച്ചു കിട്ടി 1986 സൊസൈറ്റി നിർമിച്ച മൂന്നുനില കെട്ടിടം അന്നത്തെ വിദ്യാഭ്യാസ മന്ത്രി ടി എം ജേക്കബ് ഉദ്ഘാടനം ചെയ്തു തുടർന്ന് അന്നത്തെ വെൽഫയർ സൊസൈറ്റി അംഗമായിരുന്ന ഇന്നത്തെ ബഹുമാന്യനായ മാനേജർ മേലാറ്റൂർ പത്മനാഭൻ എന്ന അപ്പുവേട്ടന്റെ നേതൃത്വത്തിൽ ആർ എം എച്ച്എസ്എസ് എന്ന ഈ സരസ്വതി ക്ഷേത്രം അതിന്റെ വിജയ കുതിപ്പുകൾ തുടരുന്നു.

## പദ്ധതി രൂപീകരണ പ്രക്രിയ

പൊതു വിദ്യാഭ്യാസ സംരക്ഷണത്തിന്റെ ഭാഗമായി Rmഹയർ സെക്കൻഡറി സ്കൂളിൽ വരുന്ന വർഷത്തേക്ക് നടപ്പാക്കാൻ സാധ്യമായ പ്രവർത്തനങ്ങളുടെ ഒരു സമഗ്ര രേഖ തയ്യാറാക്കാനായി സ്റ്റാഫ് അംഗങ്ങളുടെ ഒരു യോഗം വിളിച്ചു ചേർത്തു. ആ യോഗത്തിൽ നിന്നും എസ്. ആർ . ജി. കൺവീനറിന്റെ നേതൃത്വത്തിൽ സ്റ്റാഫിന്റെ സഹകരണത്തോടെ ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ തീരുമാനിച്ചു .അതിന്റെ ഭാഗമായാണ് ഈ സ്കൂളിന്റെ സമഗ്ര വികസനരേഖ രൂപപ്പെടുത്തിയത്.

# വിദ്യാലയ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനുള്ള അനുബന്ധ സംവിധാനങ്ങൾ -നിലവിലെ അവസ്ഥ

| വിഭാഗം | നിലവിലെ അവസ്ഥ (കഴിഞ്ഞകാല പ്രവർത്തനങ്ങളുടെ വിലയിരുത്തൽ ) |
|---|---|
| സബ്ജക്ട് കൗൺസിൽ | ഓരോ വിഷയത്തിലെയും അധ്യാപകർ ചേർന്നതാണ് അധ്യാപക കൗൺസിൽ<br>എല്ലാ ആഴ്ചയിലും സബ്ജക്ട് കൗൺസിൽ കൂടാറുണ്ട് . ഇതിനായി ടൈംടേബിളിൽ ക്രമീകരണം ചെയ്തിട്ടുണ്ട്. ഒരു ആഴ്ചയിലും സബ്ജക്ട് കൗൺസിൽ കൂടുകയും മുൻപ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്യുന്നു അതിനോടൊപ്പം അടുത്ത ആഴ്ചകൾക്ക് വേണ്ട പഠന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും ചെയ്യുന്നു. വിവിധ പരിപാടികൾ, ദിനാചരണങ്ങൾ, ആഘോഷങ്ങൾ എന്നിവ നടത്തുന്നു.പഠന പിന്നോക്കാവസ്ഥയിലുള്ള വിദ്യാർത്ഥികൾക്ക് നൽകേണ്ട പഠന പ്രവർത്തനങ്ങൾ, |

| | |
|---|---|
| | ഭിന്നശേഷി കുട്ടികൾക്ക് വേണ്ട പഠന പ്രവർത്തനങ്ങൾ എന്നിവഇൗ മീറ്റിങ്ങിൽ ക്രമീകരിക്കുന്നു. |
| എസ് ആർ ജി | എല്ലാ മാസവും കൃത്യമായി എസ് ആർ ജി യോഗം ചേരുന്നുണ്ട് . പ്രത്യേകം അജണ്ട തയ്യാറാക്കിയാണ് യോഗം ചേരുന്നത്.മുൻ മീറ്റിങ്ങിൽ ആസൂത്രണം ചെയ്ത പ്രവർത്തനങ്ങളുടെ വിലയിരുത്തൽ നടത്തുന്നു. പോരായ്മകൾ കണ്ടെത്തി അത് പരിഹരിക്കാനുള്ള മാർഗങ്ങൾ ചർച്ചയിലൂടെ കണ്ടെത്തി പരിഹരിക്കുന്നു. അതാതു മാസങ്ങളിൽ വരുന്ന പ്രത്യേക ദിനാചരണങ്ങളും പൊതു ആഘോഷങ്ങളും മറ്റും എങ്ങനെ കാര്യക്ഷമമായി വിദ്യാർത്ഥികളുടെ പങ്കാളിത്തത്തോടെ നടപ്പിലാക്കാൻ കഴിയും എന്ന് ചർച്ച ചെയ്യുന്നു.ഒരു വിഷയങ്ങളിലും നടത്തേണ്ട പഠന പ്രവർത്തനങ്ങൾ<br>ആവിഷ്കരിക്കുന്നു.അവനടപ്പിലാക്കുന്നതിന്<br>ആവശ്യമായ റിസോഴ്സ് എങ്ങനെ കണ്ടെത്താമെന്ന് ചർച്ച ചെയ്തു പദ്ധതികൾ ആവിഷ്കരിക്കുന്നു. കൺവീനർ തീരുമാനങ്ങളെല്ലാം ക്രോഡീകരിച്ച റിപ്പോർട്ട് തയ്യാറാക്കുന്നു. |
| പി ടി എ | അധ്യാപക രക്ഷകർത്താ സമിതി യോഗങ്ങളിൽ പങ്കാളിത്തം പൊതുവിൽ കൂടി വരുന്നുണ്ട് അതിനാൽ മികവുകളും പോരായ്മകളും അവരുമായി പങ്കുവയ്ക്കുന്നതിന് അവസരം ലഭിക്കുന്നുണ്ട്.ഓരോ ടേർമിനൽ എക്സാം കഴിയുമ്പോഴും പ്രധാന പരിപാടികൾ നടപ്പിലാക്കുമ്പോഴും കുട്ടികളുടെ പഠനാന്തരീക്ഷം മെച്ചപ്പെടുത്തേണ്ടതിന്റെ ആവശ്യകത തുടങ്ങിയ എല്ലാ മേഖലകളെക്കുറിച്ചും ഈ മീറ്റിങ്ങുകളിൽ ചർച്ച ചെയ്യുന്നു. |
| എം പി ടി എ | ആൺകുട്ടികളുടെ സ്വഭാവരൂപീകരണത്തിലും ആരോഗ്യ കാര്യങ്ങളിലും പഠനത്തിലും മറ്റും അച്ഛന്മാരെക്കാളും അമ്മമാർക്ക് സ്വാധീനം ചെലുത്താൻ കഴിയും എന്ന് മനസ്സിലാക്കിക്കൊണ്ട് മാസത്തിൽ ഒരു മീറ്റിംഗ് സംഘടിപ്പിക്കുന്നു. വിദ്യാർത്ഥികളുടെ അമ്മമാരും അധ്യാപകരും തമ്മിൽ നല്ല സൗഹൃദബന്ധം പുലർത്തിക്കൊണ്ട് തന്നെ അവരുടെ മക്കളുടെ പരിമിതികൾ ചർച്ച ചെയ്യുന്നതിനും അവ പരിഹരിക്കുന്നതിനും ശ്രമിക്കുന്നു.അവർ ജീവിക്കുന്ന സാഹചര്യം കൃത്യമായി മനസ്സിലാക്കുന്നതിനും ആ മീറ്റിങ്ങിലൂടെ അധ്യാപകർക്ക് കഴിയുന്നു.<br>അതിനാൽ ഓരോ വിദ്യാർത്ഥിയേയുംഅവൻ്റെ ഭൗതിക സാഹചര്യങ്ങളെയും വ്യക്തമായി അറിഞ്ഞു |

| | |
|---|---|
| | കുട്ടികളുടെ സമഗ്ര വികസനത്തിനായി പ്രവർത്തിക്കുന്നതിന് അധ്യാപകന് കഴിയുന്നു. |

# ക്ലബ്ബ് പ്രവർത്തനങ്ങൾ

## ഇക്കോ ക്ലബ്

പ്രകൃതിയെ വേണ്ടത്ര കരുതലോടെ മാത്രം ഉപയോഗിക്കുന്നതിനും അടുത്ത തലമുറയ്ക്ക് കൈമാറ്റം ചെയ്യുന്നതിനുള്ള ഭാരിച്ച ഉത്തരവാദിത്വം ഒരു മനുഷ്യനും ഉണ്ടെന്ന ബോധ്യം വിദ്യാർത്ഥികളിൽ ഉണ്ടാക്കുകയാണ് ഈ ക്ലബ്ബിന്റെ ലക്ഷ്യം.ഈ മണ്ണും പരിസ്ഥിതിയും എല്ലാവർക്കും അവകാശപ്പെട്ടതാണ്. അതിനാൽ പരിസ്ഥിതിക്ക് ഹാനികരമായ യാതൊരു പ്രവർത്തനങ്ങളിലും വിദ്യാർത്ഥി സമൂഹം ഇടപെടാൻ പാടില്ല. വിവേകപൂർണമായ വിനിയോഗമാണ് ആവശ്യം.

## സയൻസ് ക്ലബ്ബ്

പരീക്ഷണ നിരീക്ഷണങ്ങളിലൂടെ ശാസ്ത്ര തത്വങ്ങൾ ബോധ്യപ്പെടുത്തുന്നതിന് വേദിയൊരുക്കുന്ന ഇടമാണ് സയൻസ് ക്ലബ്ബും സയൻസ് ലാബും. ശാസ്ത്ര തത്വങ്ങളെ യുക്തിചിന്തയോടെ സമീപിക്കുന്നതിനും സംവാദം, ചർച്ച എന്നിവയിലൂടെ അപഗ്രഥിക്കുന്നതിനും സയൻസ് ക്ലബ് വിദ്യാർത്ഥികൾക്ക് അവസരം നൽകുന്നു. ആഴ്ചയിൽ ഒരിക്കൽ സയൻസ് ക്ലബ് അധ്യാപകരുടെ നേതൃത്വത്തിൽ വിദ്യാർത്ഥികൾ സമ്മേളിക്കുന്നു. ശാസ്ത്രജ്ഞന്മാരുടെ ജീവചരിത്രം ,ശാസ്ത്രത്തിന് അവർ നൽകിയ സംഭാവനകൾ എന്നിവ മനസ്സിലാക്കുന്നതിനും അവസരം ലഭിക്കുന്നു. ശാസ്ത്രവുമായി ബന്ധപ്പെട്ട പ്രധാന ദിനാചരണങ്ങൾ സയൻസ് ക്ലബ്ബിൻ്റെ ഒരു പ്രധാന പ്രവർത്തനമാണ്.

# ഗണിതശാസ്ത്രം ക്ലബ്ബ്

ഗണിത പഠനം ലളിതവും രസകരവും ആക്കി തീർക്കുന്നതിന് ഗണിതശാസ്ത്ര ക്ലബ്ബ് മുഖ്യ പങ്കു വഹിക്കുന്നു . ഗണിത ക്വിസ്, ക്രിയകളുടെ നിർധാരണം, നിർമ്മാണ പ്രക്രിയകൾ എന്നിവയിലൂടെ ഗണിത പഠനം അനായാസമായി തീരുന്നു. കുട്ടികൾക്ക് അവരുടെ ചിന്തയെ ഉദ്ദീ പിപ്പിക്കുന്നതിന് കുസൃതി കണക്കുകളും ക്വിസ് മത്സരങ്ങളും സഹായിക്കുന്നു ദൈനംദിന ജീവിതത്തിൽ അവർ ആർജ്ജിച്ച അറിവുകൾ നിഷ്പ്രയാസം പ്രയോഗിക്കുന്നതിന് ഇതുവഴി സാധിക്കുന്നു.

# സോഷ്യൽ സയൻസ് ക്ലബ്ബ്

സമൂഹജീവിയായ മനുഷ്യനു തൻ്റെ ചുറ്റുപാടുകളെ കുറിച്ച് ശരിയായി മനസ്സിലാക്കുന്നതിനും സാമൂഹിക അവബോധമുള്ള ഉത്തമ പൗരന്മാരായി ജീവിക്കുന്നതിനും സോഷ്യൽ സയൻസ് പഠനം സഹായിക്കുന്നു. വർത്തമാനകാലത്തിനു മുമ്പേ നടന്ന മഹത് വ്യക്തികളെ കുറിച്ച് അറിയുന്നതിനും അവർ ചരിത്രത്തിൽ നൽകിയ സംഭാവനകൾ മനസ്സിലാക്കുന്നതിനും ഇതുവഴി സാധിക്കുന്നു. മൂല്യബോധമുള്ള ഒരു വിദ്യാർത്ഥി സമൂഹത്തെ വാർത്തെടുക്കുന്നതിന് ഈ ക്ലബ്ബിന്റെ പ്രവർത്തനം വഴി സാധിക്കുന്നു

# സാഹിത്യ ക്ലബ്ബ്

കുട്ടികളിലെ സർഗാത്മകമായ കഴിവുകൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കുകയാണ് ഈ ക്ലബ്ബിന്റെ പ്രധാന ഉദ്ദേശ്യം . കഥ, കവിത ഉപന്യാസരചന തുടങ്ങി വിദ്യാർഥികളിൽ ഒളിഞ്ഞു കിടക്കുന്ന കഴിവുകളെ കണ്ടെത്തി അവ വെളിച്ചത്തു കൊണ്ടുവരുന്നതിനുള്ള

വേദിയാണ് സ്കൂൾ സാഹിത്യ ക്ലബ്ബ്. ആവശ്യമെങ്കിൽവിദഗ്ധ പരിശീലനം നേടുന്നതിനുള്ള അവസരം ഒരുക്കുന്നു.

# ഹെൽത്ത് ക്ലബ്ബ്

ആരോഗ്യമുള്ള പൗരന്മാർ ഒരു നാടിൻെറ സമ്പത്താണ് .അതിനാൽ ആരോഗ്യമുള്ള വിദ്യാർത്ഥി സമൂഹത്തെ സൃഷ്ടിക്കേണ്ടത് ഓരോ വിദ്യാലയത്തിന്റെയും ധർമ്മമാണ്. ശരിയായ ആരോഗ്യ ശീലങ്ങൾ വിദ്യാർത്ഥികളിൽ ഉണ്ടാക്കി എടുക്കേണ്ടത് ഹെൽത്ത് ക്ലബ്ബിൻറെ ലക്ഷ്യമാണ് . ശരിയായ ഭക്ഷണരീതിയെക്കുറിച്ച് കുട്ടികൾക്ക് അവബോധം ഉണ്ടാക്കുക, ലഹരിവസ്തുക്കൾ, മദ്യം എന്നിവയുടെ ദൂഷ്യഫലങ്ങളെ കുറിച്ച് ബോധ്യപ്പെടുത്തുക തുടങ്ങിയവ ഈ ക്ലബ്ബിന്റെ പ്രവർത്തനങ്ങളാണ്

# പഠനയാത്രകൾ

ക്ലാസ് റൂമിന്റെ ചുമരുകൾക്കുള്ളിൽ മാത്രമല്ല വിദ്യാഭ്യാസം നടക്കുന്നത്. പഠനയാത്രകൾ വഴി വിജ്ഞാനവും വിനോദവും ഒരുപോലെ ലഭിക്കുന്നു. കേൾക്കുന്ന കാര്യങ്ങളെക്കാൾ കൂടുതൽ കാണുന്ന കാര്യങ്ങൾ നിലനിൽക്കുന്നു. അതിനാൽ പഠനത്തിനും വിനോദനും വിനോദത്തിനും അനുയോജ്യമായ സ്ഥലങ്ങളിലേക്ക് പഠനയാത്ര ക്രമീകരിക്കുന്നത് വിദ്യാർത്ഥികളുടെ കാഴ്ചപ്പാടുകൾ കൂടുതൽ വിശാലമാകുന്നതിന് കാരണമാകുന്നു.

# ഭാഷ ക്ലബ്ബ്

മാതൃഭാഷയുടെ ശക്തിയും സൗന്ദര്യവും തിരിച്ചറിഞ്ഞ് ആസ്വാദ്യതലത്തിൽ എത്തിച്ചേരുന്നതിന് വിദ്യാർഥികളെ പ്രാപ്തരാക്കുകയാണ് ഭാഷാ ക്ലബ്ബിൻറെ ലക്ഷ്യം. ശരിയായ ഭാഷാപ്രയോഗം ഈ ക്ലബ്ബിൽ പരിശീലിപ്പിക്കുന്നു. കുട്ടികളുടെ

രചനാപാടവം വളർത്തിയെടുക്കുന്നതിനും വായനശീലം വർദ്ധിപ്പിക്കുന്നതിനും പ്രത്യേകം ശ്രദ്ധ പതിപ്പിക്കുന്നു. 'വിദ്യാരംഗം കലാസാഹിത്യവേദി' വഴിയും കുട്ടികളുടെ ഭാഷാപരമായ നൈപുണികൾ വികസിക്കുന്നു.

## ഇംഗ്ലീഷ് ക്ലബ്ബ്

ഇംഗ്ലീഷ് ഭാഷ അനായാസമായി കൈകാര്യം ചെയ്യുന്നതിനും ആശയവിനിമയം നടത്തുന്നതിനുമുള്ള ശേഷി കുട്ടികൾക്ക് നേടിക്കൊടുക്കുകയാണ് ഈ ക്ലബ്ബിൻറെ ലക്ഷ്യം. ആഗോള ഭാഷ ആയതിനാൽ ഇംഗ്ലീഷ് ഭാഷയിലെ ശരിയായ അറിവ് വിജ്ഞാനത്തിന്റെയും സാഹിത്യ ആസ്വാദനത്തിന്റെയും അതിവിശാലമായ ലോകം കുട്ടികൾക്ക് മുമ്പിൽ തുറന്നുകൊടുക്കുന്നു.

## ഹിന്ദി ക്ലബ്ബ്

ഹിന്ദി ഭാഷ കുട്ടികൾക്ക് കൈകാര്യം ചെയ്യുന്നതിനും അവ കൂടുതൽ മനസ്സിലാക്കുന്നതിനും വേണ്ടി പ്രവർത്തിക്കുന്ന ഹിന്ദി ക്ലബ്ബ് രാഷ്ട്രഭാഷയായ ഹിന്ദി കുട്ടികൾക്ക് കൂടുതൽ മനസ്സിലാക്കുന്നതിനും സാഹിത്യകാരന്മാരെ കുറിച്ച് അറിയുന്നതിനും വേണ്ട പ്രവർത്തനങ്ങൾ ഒരുക്കുന്നു.

## ഐടി ക്ലബ്ബ്

ലോകത്തിന്റെ ഒരു മൂലയിൽ ഇരുന്നുകൊണ്ട് അങ്ങ് വിദൂരതയിൽ സംഭവിക്കുന്ന കാര്യങ്ങൾ അറിയാൻ നമ്മെ സഹായിക്കുന്നത് വിവര സാങ്കേതിക വിദ്യയിലുള്ള മുന്നേറ്റമാണ് . ഇതിന് വിദ്യാർത്ഥികളെ സഹായിക്കുന്നത് ഇന്റർനെറ്റ്, ഇമെയിൽ, ഫേസ്ബുക്ക് തുടങ്ങിയ സോഷ്യൽ മീഡിയകൾ ആണ് എന്നാൽ ഇവയുടെ വിവേകപൂർണമായ ഉപയോഗത്തിന് അവരെ പരിശീലിപ്പിക്കുന്നത് ഐടി ക്ലബ്ബാണ്

പഠനപ്രക്രിയകൾ ഐ.സി.ടി. അധിഷ്ഠിതമാക്കി കൂടുതൽ ലളിതവും രസകരവുമാക്കി തീർക്കുന്നു.

## ലിറ്റിൽ കൈറ്റ്സ്

കേരളത്തിലെ സ്കൂളുകളിലെ ഐസിടി ഉപകരണങ്ങളുടെ ഉപയോഗത്തിലും പരിപാലനത്തിലും വിദ്യാർത്ഥികളുടെ പങ്കാളിത്തം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ 2018 ൽ ആരംഭിച്ച പദ്ധതിയാണ് ലിറ്റിൽ കൈറ്റ്സ്. നിലവിൽ HS വിഭാഗത്തിലെ 120 ൽ കൂടുതൽ കുട്ടികൾ ഇതിന്റെ ഭാഗമായി പ്രവർത്തിച്ചു വരുന്നു. ആനിമേഷൻ, സൈബർ സുരക്ഷ, മലയാളം കമ്പ്യൂട്ടിംഗ്, ഹാർഡ്‌വെയർ, ഇലക്ട്രോണിക്സ്, സ്ക്രാച്ച്, AI, റോബോട്ടിക്സ്, വീഡിയോ എഡിറ്റിങ് തുടങ്ങിയ വിവിധ മേഖലകളിൽ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകിവരുന്നു. മികവ് പുലർത്തുന്ന കുട്ടികൾക്കായി സബ്ജില്ലാ-ജില്ലാതലങ്ങളിൽ പ്രത്യേക ക്യാമ്പുകളും നടന്നുവരുന്നു. സ്കൂൾതല പ്രവർത്തനങ്ങളുടെ മികവിന് കഴിഞ്ഞവർഷം മുതൽ ഏർപ്പെടുത്തിയ ഗ്രേഡിങ്ങിൽ RMHS ന് A grade ലഭിച്ചിട്ടുണ്ട്.

## എസ് .പി .സി

അച്ചടക്കവും, കൃത്യനിഷ്ഠയും ഉത്തരവാദിത്തബോധവും പ്രകൃതി സ്നേഹവും സേവന സന്നദ്ധതയുമുള്ള യുവ തലമുറയെ വാർത്തെടുക്കുക എന്ന ലക്ഷ്യവുമായി സംസ്ഥാന വിദ്യാഭ്യാസ അഭ്യന്തര വകുപ്പുകൾ സംയുക്തമായി വിദ്യാലയങ്ങളിൽ 2010 ൽ ആരംഭിച്ച പദ്ധതി 2012 ലാണ് നമ്മുടെ വിദ്യാലയത്തിൽ തുടക്കം കുറിച്ചത്.

ഓരോ വർഷവും എട്ടാം ക്ലാസിലെ 22 പെൺകുട്ടികളെയും 22 ആൺകുട്ടികളെയും എഴുത്തുപരീക്ഷ, കായിക പരീക്ഷ എന്നിവയുടെ

അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കുന്നു. നിലവിൽ എട്ട്, ഒമ്പത്, പത്ത് ക്ലാസുകളിലായി 132
കേഡറ്റുകൾ വിദ്യാലയത്തിലുണ്ട്. മികച്ച പരേഡും കായികപരിശീലനവും ഉൾപ്പെടെ ഒട്ടേറെ വിവിധങ്ങളായ പ്രവർത്തനങ്ങൾ നടത്തുന്ന വിദ്യാലയത്തിലെ യൂണിറ്റ് മുൻ വർഷങ്ങളിൽ സംസ്ഥാനത്തെ ഏറ്റവും മികച്ച യൂണിറ്റ്, ജില്ലയിലെ മികച്ച യൂണിറ്റ് എന്നീ പുരസ്കാരങ്ങൾ കരസ്ഥമാക്കിയിട്ടുണ്ട്.

## ജെ ആർ സി

ആരോഗ്യം സേവനം സൗഹൃദം എന്ന മുദ്രാവാക്യത്തോടെ റെഡിക്രോസിന് കീഴിൽ ഇന്ത്യൻ റെഡ് ക്രോസ് സൊസൈറ്റിയുടെ മേൽനോട്ടത്തിൽ ഭാരതത്തിലും കേരളക്കരയിലും പ്രവർത്തിക്കുന്ന തൂവെള്ള വസ്ത്രധാരികളായ സന്നദ്ധ സംഘടനയാണ് ജൂനിയർ റെഡ് ക്രോസ്സ് അഥവാ J R C
2012 ലാണ് J R C യൂണിറ്റ് മേലാറ്റൂർ സ്കൂളിൽ ആരംഭിക്കുന്നത്. നിലവിൽ 2 യൂണിറ്റ് ഹൈ സ്കൂളിലും ഒരു യൂണിറ്റ് യു പി യിലും പ്രവർത്തിക്കുന്നുണ്ട്. ഇരു വിഭാഗങ്ങളിലുമായി 220 കേഡറ്റുകൾ വിദ്യാലയത്തിൽ J R C യിൽ അംഗങ്ങളാണ്.
മേലാറ്റൂർ R M H S J R C യൂണിറ്റിന് കീഴിൽ റേഡിയോ വൈറ്റ് ആർമി എന്ന കുട്ടികളുടെ യു ട്യൂബ് വാർത്ത ചാനലും സജീവമായി മുന്നേറുന്നു.

## സ്കൗട്ട്സ് & ഗൈഡ്സ്

വിദ്യാർത്ഥികളിൽ വ്യക്തിത്വ വികസനം, പൗരബോധം, അച്ചടക്കം, സ്വയം പര്യാപ്തത വളർത്തിയെടുക്കുന്നതിനുള്ള പരിശീലന പദ്ധതിയുമായി പ്രവർത്തിക്കുന്ന യൂണിറ്റ്.

ദേശീയ തലത്തിൽ രാഷ്ട്രപതി അവാർഡ്, സംസ്ഥാന തലത്തിൽ രാജ്യ പുരസ്ക്കാർ അവാർഡ് നേട്ടത്തിൽ ജില്ലയിലെ ഏറ്റവും മികച്ച യൂണിറ്റ്.

വിദ്യാലയ പച്ചക്കറിത്തോട്ടം:വിഷരഹിത ജൈവ പച്ചക്കറി കൃഷി പരിശീലന കേന്ദ്രവും, വിദ്യാലയ ഉച്ചഭക്ഷണ പദ്ധതിയിലേക്ക് ജൈവപച്ചക്കറി ഉത്പാദനത്തിലും സ്കൗട്ട് ഗൈഡ് യൂണിറ്റ് നേതൃത്വം നൽകുന്നു

# ഐ ഇ ഡി എസ് എസ് പ്രോഗ്രാം

ശാരീരിക -മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് ആവശ്യമായ കരുതലും പഠന സഹായങ്ങളും നൽകുന്നത് ഈ പദ്ധതിയിലൂടെയാണ് . 'വൈകല്യം ഒരു ശാപമല്ല' എന്ന ബോധ്യത്തോടെ അവർക്ക് വേണ്ടത്ര പിന്തുണയും വാത്സല്യവും നൽകി മുഖ്യധാര വിദ്യാഭ്യാസത്തിലേക്ക് അവരെ കൈപിടിച്ച് ഉയർത്തിക്കൊണ്ട് വരികയാണ് റിസോഴ്സ് അധ്യാപിക ചെയ്യുന്നത്. ഇവർക്ക് സർക്കാരിൽ നിന്നും മറ്റ് ഇതര സംഘടനകളിൽ നിന്നും ലഭിക്കുന്ന സാമ്പത്തിക സഹായങ്ങൾ യഥാസമയം ലഭ്യമാക്കി കൊടുക്കുകയും ചെയ്യുന്നു .കൂടാതെ പൊതുപരീക്ഷ എഴുതുന്നതിനാവശ്യമായ എല്ലാവിധ സഹായങ്ങളും ചെയ്തുകൊടുക്കുന്നു. അവർക്ക് അപ്രാപ്ത്യമായ വിഷയങ്ങൾ ഒഴിവാക്കി ലഘുവായ പഠന പ്രവർത്തനങ്ങൾ ലഭ്യമാക്കുന്നതിന് റിസോഴ്സ് അധ്യാപിക മുഖ്യ പങ്കുവഹിക്കുന്നു.

# കമ്പ്യൂട്ടർ ലാബ്

ആധുനിക വിവരസാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തുന്നതിന് വിദ്യാർഥികളെ സഹായിക്കാൻ പ്രാപ്തമായ തരത്തിൽ

പ്രവർത്തിക്കുന്നതാണ് നമ്മുടെ സ്കൂളിലെ കമ്പ്യൂട്ടർ ലാബ്. ആവശ്യത്തിന് കമ്പ്യൂട്ടറുകൾ ഈ ലാബിൽ ഉണ്ട് .വിദ്യാർത്ഥികൾക്ക് ഇന്റർനെറ്റിൽ നിന്നും വിവരങ്ങൾ ഡൗൺലോഡ് ചെയ്യുന്നതിനും പഠനപ്രക്രിയ പരിപുഷ്ഠിപ്പെടുത്തുന്നതിനും അവസരം ലഭിക്കുന്നു പഠനപ്രവർത്തനങ്ങളിൽ ഐ സി ടി ഉപയോഗപ്പെടുത്തുന്നതിനും കമ്പ്യൂട്ടർ ലാബ് ഉപകരിക്കുന്നു.

# ആസൂത്രണ പ്രവർത്തനങ്ങൾ

## എസ് ആർ ജി

മെയ് 31ന് നടന്ന സ്റ്റാഫ് മീറ്റിംഗിൽ സബ്ജക്ട് കൺവീനർ മാരെ തിരഞ്ഞെടുത്തു ഓരോ ആഴ്ചയിലേക്ക് ഉള്ള പഠന പ്രവർത്തനങ്ങൾ തയ്യാറാക്കുകയും എസ് ആർ ജി കോഡിനേറ്റർ മാസത്തിലൊരിക്കൽ എസ്.ആർ.ജിമാരുടെ യോഗം കൂടുകയും പഠന പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്യുന്നു.

## സ്റ്റാഫ് കൗൺസിൽ

മാസത്തിലൊരിക്കൽ സ്റ്റാഫ് മീറ്റിംഗ് കൂടുകയും ക്ലാസ് ' അനുഭവപ്പെടുന്ന പ്രശ്നങ്ങൾ വിലയിരുത്തുകയും ഓരോ ക്ലാസിലും ഉള്ള കുട്ടികളുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യുകയും ചെയ്യുന്നു.

## സബ്ജക്ട് കൗൺസിൽ

ആഴ്ചയിൽ ഒരിക്കൽ വിഷയാധിഷ്ഠിതമായി സബ്ജക്ട് കൗൺസിൽ ചേരുന്നുണ്ട്. ഇതിനുള്ള ക്രമീകരണം ടൈംടേബിളിൽ ഏർപ്പെടുത്തിയിട്ടുണ്ട് വിവിധ വിഷയങ്ങളിലെ പഠന പ്രവർത്തനങ്ങൾ യോഗത്തിൽ വച്ച് ഏകോപിപ്പിക്കുന്നു . ഓരോ മീറ്റിങ്ങിലും മുൻ ആസൂത്രണം ചെയ്തതിൽ നടക്കാതെ പോയവ അതിൻ്റെ കാരണങ്ങൾ എന്നിവ വിലയിരുത്തുന...

# <u>അക്കാദമിക് പ്രവർത്തനങ്ങൾ</u>

# <u>വിജയഭേരി</u>

2017 ജൂൺ മുതൽ പത്താംതരത്തിലെ കുട്ടികൾക്ക് വേണ്ടി നടത്തുന്ന പഠന പിന്തുണ പ്രവത്തനമാണ് വിജയഭേരി. പത്താം ക്ലാസിലെ കുട്ടികൾക്ക് രാവിലെ 9 മണി മുതൽ ജൂൺ മാസത്തിൽ തന്നെ ക്ലാസുകൾ ആരംഭിക്കും. ഡിസംബർ, ജനുവരി മാസങ്ങളിലായി എ പ്ലസ് കിട്ടിയ കുട്ടികളെയും ഡി പ്ലസ് കിട്ടിയ കുട്ടികളെയും തിരഞ്ഞെടുത്തു പ്രത്യേക പരിശീലനം നടത്തിവരുന്നു. രാവിലെയുംരാവിലെ വൈകുന്നേരവും ഇതിനായി പ്രത്യേക മോഡ്യൂൾ തയ്യാറാക്കിയിട്ടുണ്ട് വൈകുന്നേരം കുട്ടികൾക്ക് ആവശ്യമായ ലഘുഭക്ഷണം കൊടുക്കുന്നുണ്ട്. മോട്ടിവേഷൻ ക്ലാസ് നടത്തുന്നുണ്ട്.

## ശ്രദ്ധ

എട്ടാം തരത്തിലെ അക്ഷരങ്ങൾ വായിക്കാനും എഴുതാനും കഴിയാത്ത കുട്ടികളെ കണ്ടെത്തി അവർക്ക് മലയാളം ഇംഗ്ലീഷ് ഹിന്ദി എന്നീ വിഷയങ്ങളിൽ അടിസ്ഥാനപരമായ കാര്യങ്ങൾ പഠിപ്പിക്കുന്നതിന് 2017 ജൂൺ തുടങ്ങിയ ഒരു പരിപാടിയാണ് ശ്രദ്ധ. ഇവർക്ക് രാവിലെ 9 മുതൽ ക്ലാസുകൾ നൽകി വരുന്നു.

# വിജയസ്പർശം

ഒമ്പതാം ക്ലാസിലെ, അക്ഷരങ്ങൾ വായിക്കാനും എഴുതാനും കഴിയാത്ത കുട്ടികളെ കണ്ടെത്തി അവർക്ക് മലയാളം, ഇംഗ്ലീഷ്, ഹിന്ദി, കണക്ക് എന്നീ വിഷയങ്ങളിൽ അടിസ്ഥാനപരമായ കാര്യങ്ങൾ പഠിപ്പിക്കുന്നതിന് തുടങ്ങിയ ഒരു പരിപാടിയാണ് വിജസ്പർശം.തിങ്കൾ മുതൽ വ്യാഴം വരെ എല്ലാ ദിവസങ്ങളിലും രാവിലെ 9 മണി മുതൽ വിജയ സ്പർശം ക്ലാസുകൾ നടന്നുവരുന്നു.

# വിദ്യാലയത്തിലെ ഭൗതിക അന്തരീക്ഷം - നിലവിലെ അവസ്ഥ

| വിഭാഗം | നിലവിലുള്ളത് | ഇനി ആവശ്യമുള്ള | ചിലവ് | ധന ശേഖരണം | കാലയളവ് |
|---|---|---|---|---|---|
| ക്ലാസ് മുറികൾ | 119 | | | | |
| പെൺകുട്ടികൾക്കുള്ള ടോയ്ലറ്റ് | 20 | | | | |
| ആൺകുട്ടികൾക്കുള്ള ടോയ്ലറ്റ് | 16 | | | | |

| | | | | | |
|---|---|---|---|---|---|
| സുരക്ഷിതവും ആവശ്യനുസരണം ഉപയോഗിക്കാൻ കഴിയുന്ന തരത്തിലുള്ള | ഉണ്ട് | | | | |
| അധ്യാപക മുറി | തൃപ്തികരമാണ് | ആവശ്യമില്ല | | | |
| ഹരിതവേലി / മറ്റു വേലികൾ | ഇല്ല | | | | |
| കളിസ്ഥലം | ഉണ്ട് | | | | |
| ഡ്രെയ്നേജ് സിസ്റ്റം | ഇല്ല | ആവശ്യമുണ്ട് | | | |
| ജൈവവൈവിധ്യ പാർക്ക് | | | | | |
| ടാലൻറ് ലാബ് | yes | | | | |
| നീന്തൽകുളം | ഇല്ല | ആവശ്യമുണ്ട് | | | |
| ഓപ്പൺ എയർ ക്ലാസ്റൂം | | | | | |
| വിശ്രമ മുറി പെൺകുട്ടികൾക്ക് | ഇല്ല | ആവശ്യമുണ്ട് | | | |

# അദ്ധ്യാപകരുടെ എണ്ണം

| ക്രമ നമ്പർ | തസ്തിക | അദ്ധ്യാപകരുടെ എണ്ണം |
|---|---|---|
| 1 | **Headmaster** | 1 |
| 2 | **HST Maths** | 12 |

| | | |
|---|---|---|
| 3 | HST Science | 14 |
| 4 | HST SS | 11 |
| 5 | HST Malayalam | 7 |
| 6 | HST English | 10 |
| 7 | HST Hindi | 6 |
| 8 | HST Arabic | 5 |
| 9 | HST Work Integrated Education | 1 |
| 10 | Physical Education | 2 |
| 11 | Music Teacher | 1 |
| ദിവസ വേതന അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവർ | | |
| | IED Resource Teacher | 1 |
| | Counsellor | 0 |

# അധ്യാപകേതര ജീവനക്കാർ

| ക്രമ നമ്പർ | തസ്തിക | അദ്ധ്യാപകരുടെ എണ്ണം |
|---|---|---|
| 1 | Clerk | 2 |
| 2 | Office Assistant | 2 |
| 3 | FTM | 3 |

| മലയാളം | | | | | |
|---|---|---|---|---|---|
| **Sl No** | **ലക്ഷ്യം** | **പ്രവർത്തനം** | **കാലയളവ്** | **നിർവഹണ ചുമതല** | **ഉത്പന്നം** |
| **1** | വായന, ലേഖനം ഉറപ്പിക്കുക. | വിജയസ്പർശം പ്രീ ടെസ്റ്റ്, പരിശീലന ക്ലാസ്. | ജൂൺ മുതൽ സെപ്റ്റംബർ വരെ | വിജയഭേരി, വിജയസ്പർശം അധ്യാപകർ. | |
| **2** | വായന പ്രോത്സാഹിപ്പിക്കുക. | ലൈബ്രറി നവീകരണം, ക്ലാസ് ലൈബ്രറി ഒരുക്കൽ, വായന ദിന ക്വിസ്, ബഷീർ ദിനം ആസ്വാദനക്കുറിപ്പ് . | ജൂൺ 19-25 ജൂലൈ 5 | ലൈബ്രറി, വിദ്യാരംഗം | ആസ്വാദനക്കുറിപ്പ് |
| **3** | നാടിനെ അറിയുക. | സാഹിത്യ പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് പഠനയാത്ര, പ്രാദേശിക ചരിത്ര നിർമ്മാണം. | നവംബർ | വിദ്യാരംഗം | പ്രാദേശിക ചരിത്രം |
| **4** | കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക. | സാഹിത്യ ക്യാമ്പ് കഥ, കവിത, ചിത്രം ശില്പശാല. | ഡിസംബർ | ലൈബ്രറി, വിദ്യാരംഗം | കഥ, കവിത, ചിത്രം |
| **5** | രചനകൾ, ആശയങ്ങൾ എന്നിവ വിവിധ മാധ്യമങ്ങളിലൂടെ പ്രകടിപ്പിക്കുന്നതിന് അവസരമൊരുക്കുക. | രചനകൾ ക്ലാസ് മാഗസിൻ ആക്കുക . | ജനുവരി | ഭാഷാധ്യാപകർ | മാഗസിൻ |
| **6** | മാതൃഭാഷയെ അറിയുക | മാതൃഭാഷയുമായി ബന്ധപ്പെട്ട കവിതകൾ ആലപിക്കൽ, പ്രഭാഷണം . | ഫെബ്രുവരി 21 | ഭാഷാധ്യാപകർ | കവിത, പ്രഭാഷണം |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

**മേഖല – അക്കാദമികം** (UP & HS) **ഉപമേഖല: സംസ്കൃതം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | പഠനോപ-കരണങ്ങൾ | സാമ്പത്തികം |
|---|---|---|---|---|
| • എല്ലാ കുട്ടികൾക്കും ഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കൽ.<br>• അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കുക.<br>• കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേരുകൾ സംസ്കൃതത്തിൽ പഠിക്കുക.<br>• ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാനും സർഗാത്മകരചനകൾ വികസിപ്പിക്കാനുമുള്ള അവസരം നൽകുക.<br>• എല്ലാ കുട്ടികളും അർത്ഥപൂർണമായി വായിക്കുന്നുവെന്ന് ഉറപ്പ് വരുത്തുക.<br>• സാഹിത്യാഭിരുചി വളർത്തുന്ന പ്രവർത്തങ്ങൾ<br>• ഭാഷാശേഷി വികസിപ്പിക്കുന്നതിനായി ആധുനിക സാങ്കേതികവിദ്യാ സാധ്യതകളെ പ്രയോജനപ്പെടുത്തൽ<br>• ഭാഷാലാബ് | • ടെസ്റ്റ് നടത്തി മികവുകളും പരിമിതികളും കണ്ടെത്തുന്നു.<br>• പരിമിതികൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ<br>• പതിപ്പുകൾ, മാഗസിനുകൾ<br>• രചനാ ശില്പശാലകൾ<br>• സംസ്കൃതദിനാചരണം / അസംബ്ലി<br>• ഒഴിവുസംയങ്ങളിൽ പ്രത്യേക ക്ലാസ്<br>• വായനമൂല, പദപ്പയറ്റ്, ചോദ്യോത്തരപയറ്റ്, നിഘണ്ടു നിർമാണം, മാഗസിൻ നിർമാണം, ദിനാചരണങ്ങൾ, പോസ്റ്റർ നിർമാണം, കഥ - ഉപന്യാസം രചിക്കൽ & അവതരണം etc...<br>• വിവിധസാഹിത്യശാഖകളെ പരിചയപ്പെടുത്തൽ, കഥ, കവിത, സുഭാഷിതങ്ങൾ, ജീവചരിത്രക്കുറിപ്പുകൾ എന്നിവ രചിച്ച് / ശേഖരിച്ച് പതിപ്പുകൾ തയ്യാറാക്കൽ etc...<br>• വിവിധ കലാരൂപങ്ങളുടെ demonstration | ജൂൺ മുതൽ മാർച്ച് വരെ | പുസ്തകങ്ങൾ<br>വീഡിയോകൾ<br>ചിത്രങ്ങൾ<br>etc.. | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## PROJECT (SANSKRIT)

- **സംസ്കൃതം ലൈബ്രറി**
  സംസ്കൃതഗ്രന്ഥങ്ങൾ, ബാലകഥകൾ, ബാലകവിതകൾ, ജീവചരിതഗ്രന്ഥങ്ങൾ തുടങ്ങിയവ ഉൾപ്പെടുത്തി സംസ്കൃത ലൈബ്രറിയുടെ നിർമ്മാണം.

- **സംസ്കൃതദിനാചരണം**
  സംസ്കൃതദിനം വിവിധ പരിപാടികളോടെ സമുചിതമായി ആചരിക്കൽ

- **സംസ്കൃത അസംബ്ലി**
  വിവിധ ദിനാചരണങ്ങളോടനുബന്ധിച്ച് സ്കൂൾ തലത്തിൽ അസംബ്ലി അവതരിപ്പിക്കൽ.

- **സംസ്കൃതസംഭാഷണ ശിബിരം**
  സംഭാഷണപാടവം മെച്ചപ്പെടുത്താനായി സംഭാഷണശിബിരങ്ങൾ സംഘടിപ്പിക്കൽ.

- **പഠനയാത്രകൾ സംഘടിപ്പിക്കൽ**
  സംസ്കൃതകൗൺസിലിന്റെ നേതൃത്വത്തിൽ പഠനയാത്രകൾ സംഘടിപ്പിക്കൽ.

- **വിവിധ മത്സരങ്ങൾ**
  കഥാരചന, കവിതാരചന, ഉപന്യാസരചന, പ്രശ്നോത്തരി തുടങ്ങിയ മത്സരങ്ങൾ സംഘടിപ്പിക്കൽ.

- **മികച്ച വിദ്യാർത്ഥികൾക്ക് മത്സരപ്പരീക്ഷൾക്കുള്ള പ്രത്യേകപരിശീലനം**
  സംസ്കൃതം സ്കോളർഷിപ്പ് പരീക്ഷ, യു എസ് എസ് പരീക്ഷ, രാമായണം പ്രശ്നോത്തരി എന്നിവയ്ക്ക് പ്രത്യേക പരിശീലനം നൽകൽ.

- **ഐ ടി സാധ്യതകളെ പ്രയോജനപ്പെടുത്തൽ**
  വിക്ടേഴ്സ്ചാനൽ, സമഗ്ര പോർട്ടൽ തുടങ്ങിയവ വഴി സാങ്കേതികവിദ്യയുടെ സാധ്യതകളെ പ്രയോജനപ്പെടുത്തൽ. സംസ്കൃതം സിനിമകൾ, ഷോർട്ട് ഫിലിമുകൾ , ഡോക്യുമെന്ററികൾ തുടങ്ങിയവ പ്രദർശിപ്പിക്കൽ.

# RMHSS MELATTUR

# അക്കാദമിക് മാസ്റ്റർ പ്ലാൻ അറബിക് 2025- 2026

| പദ്ധതി & ലക്ഷ്യം | പ്രവർത്തനം | സമയം | ഭൗതികം | പിന്തുണ |
|---|---|---|---|---|
| **ഇഖ്റഅ് (വായന)**<br>കുട്ടികളിൽ വായന പ്രോത്സാഹിപ്പിക്കുക, വായനയുടെ ലോകത്തേക്ക് കൈപിടിച്ചുയർത്തി വായന ശീലം വളർത്തുക, നല്ല വായനക്കാരാക്കുക | അറബിക് ലൈബ്രറി ശാക്തീകരണം അറബിക് ലൈബ്രറി വിഭാഗം കാര്യക്ഷമമാക്കുന്നു. പുതിയ അറബിക് പുസ്തകങ്ങൾ ശേഖരിക്കുന്നു. കഥകൾ, കവിതകൾ , ചിത്രകഥകൾ വായനാകോർണർ സ്ഥാപിക്കുന്നു. | 6 മാസം ജൂൺ- നവംബർ | സ്കൂൾ ലൈബ്രറി പുസ്തകങ്ങൾ | പൂർവ്വ വിദ്യാർത്ഥികൾ സ്പോൺസർഷിപ്പുകൾ |
| | | | | |
| **കിതാബത്ത് (എഴുത്ത്)**<br>എഴുതുവാനുള്ള കഴിവ് വികസിപ്പിക്കുക, | ക്ലാസ് കയ്യെഴുത്ത് മാഗസിനുകൾ നിർമ്മിക്കുന്നു. ഓരോ ക്ലാസിലും അറബിയിൽ കഥയും, കവിതയും, മറ്റു വിഭവങ്ങളും ഉൾക്കൊള്ളിച്ച് ക്ലാസ് കയ്യെഴുത്ത് മാഗസിനുകൾ കുട്ടികൾ നിർമ്മിക്കുന്നു. ഏറ്റവും മികച്ച മാഗസിന് സമ്മാനം നൽകും | സെപ്റ്റംബർ - നവംബർ | | അധ്യാപകർ, പൂർവ്വ വിദ്യാർത്ഥികൾ |
| | ആർട്ടിക്കുകൾ ഉൾക്കൊള്ളിച്ച് സ്കൂൾ മാഗസിൻ തയ്യാറാക്കും സ്പോൺസർഷിപ്പ് | നവംബർ- ഡിസംബർ | | സ്പോൺസർഷിപ്പ് |
| | | | | |
| **തെളിച്ചം പദ്ധതി**<br>അറബി പദ ശേഖരണം | ദിനേന രണ്ട് വാക്കുകൾ അറബിയിലും ഇംഗ്ലീഷിലും ആയി കുട്ടികൾക്ക് നൽകുന്നു. പദ സമ്പത്ത് ഉണ്ടാക്കുക, കൂടുതൽ വാക്കുകൾ പരിചയപ്പെടുക, മാസത്തിൽ ഒരു തവണ പ്രോത്സാഹന സമ്മാനം നൽകിക്കൊണ്ട് ചെറിയ മത്സരം നടത്തും | ജൂൺ മുതൽ എല്ലാ മാസവും | | അധ്യാപകർ സ്പോൺസർഷിപ്പ് |
| | | | | |

| | | | | |
|---|---|---|---|---|
| **ബഹ്ജത്തുൽ ഇൽമ്**<br>ഭാഷാപരവും ഭൗതികവുമായ അറിവുകൾ നേടുന്നതിന് | മാസാന്ത ക്വിസ് കാർണിവൽ ഓരോ മാസവും നിശ്ചിത തീയതികളിൽ ചോദ്യങ്ങൾ തയ്യാറാക്കി നൽകുന്ന കുട്ടികൾ ഉത്തരമെഴുതി സ്കൂളിൽ സ്ഥാപിച്ചിട്ടുള്ള പെട്ടിയിൽ നിക്ഷേപിക്കുന്ന അതിൽ നിന്ന് ശരി ഉത്തരം കണ്ടെത്തി ഒരാൾക്ക് സമ്മാനം നൽകുന്ന | ജൂൺ മുതൽ എല്ലാ മാസവും | നോട്ടീസ് ബോർഡ് | അധ്യാപകർ പൂർവവിദ്യാർത്ഥികൾ സ്പോൺസർഷിപ്പ് |
| | | | | |
| **അൽ മാഹിറൂൻ**<br>പ്രതിഭകളെ കണ്ടെത്തൽ | പ്രതിഭകളെ കണ്ടെത്തുന്നതിന് മത്സരങ്ങൾ നടത്തുന്ന അറബി സാഹിത്യോത്സവത്തിലെ മുഴുവൻ ഇനങ്ങളിലും പ്രതിഭകളെ കണ്ടെത്തുന്ന | | പോസ്റ്ററുകൾ | അധ്യാപകർ |
| | | | | |
| **മുശാഹദാത്**<br>വീഡിയോ പ്രദർശനം | കാഴ്ചകൾ<br>ഐടി സാധ്യതകൾ പ്രയോജനപ്പെടുത്തി കഥ കവിത ആനിമേഷൻ ഫിലിം പ്രദർശനങ്ങൾ സംഘടിപ്പിക്കുന്ന | ജനുവരി | കമ്പ്യൂട്ടർ ടി.വി പ്രൊജക്ടർ | അധ്യാപകർ |
| | | | | |
| **അറബിക് ലാംഗ്വേജ് ലാബ്** | തനതായ അറബി ഭാഷ കേൾക്കാനും അനുഭവിക്കാനും ഉതകുന്ന വീഡിയോകൾ കാണാനും കേൾക്കാനും സൗകര്യം ഉണ്ടാക്കുക | ഡിസംബർ | കമ്പ്യൂട്ടർ ,ടി.വി, പ്രൊജക്ടർ | ബി.ആർ.സി ,ഡയറ്റ് , പൂർവ്വ വിദ്യാർത്ഥികൾ, സ്പോൺസർഷിപ്പ് |
| | | | | |
| **അറബിക് ഫെസ്റ്റ്**<br>അറബി ഭാഷയെ കുറിച്ച് കൂടുതൽ അറിയാൻ | അറബി ഭാഷയെ കുറിച്ച് കൂടുതൽ അറിയാൻ അറബിക് ഫെസ്റ്റ് സംഘടിപ്പിക്കുന്ന പോസ്റ്റർ പ്രദർശനം, ഫിലിം പ്രദർശനം എന്നിവ സംഘടിപ്പിക്കുന്നു. | | | |

# ഉർദു അക്കാദമിക്

# മാസ്റ്റർ പ്ലാൻ- 2025-26

എച്ച് എസ് തലം

School:RM HS MELATTUR

Name of the Urdu Teacher:........................................................

KUTA MLAPPURAM SUB DISTRICT COMMITEE

# ആമുഖം

ഇന്ത്യയിൽ ജനിച്ച, ലോകത്താകമാനം പടർന്നുപന്തലിച്ച ഭാഷയാണ് ഉറുദു. ഇന്തോ ആര്യൻ ഭാഷ കുടുംബത്തിലെ പ്രധാനിയായ ഉറുദു, ഘഡീ ബോലി എന്ന ഭാഷയിൽ നിന്ന് ഉരുത്തിരിഞ്ഞു വന്നതാണ്.ഇന്ന് അനുദിനം വികസിച്ചുകൊണ്ടിരിക്കുന്ന സംഗീത സുന്ദരമായ ഭാഷ കൂടിയാണ് ഉറുദു. കഥകളുടെയും കവിതകളുടെയും ഭാഷ. ഹിന്ദുസ്ഥാനി സംഗീതത്തിന്റെ അന്തർധാരയായ ഉറുദു സംസ്കാരിക സമന്വയത്തിന്റെയും മാനവ സാഹോദര്യത്തിന്റെയും മതേതരത്വത്തിന്റെയും മുദ്രവാക്യം ഉയർത്തിപ്പിടിക്കുന്ന ഭാഷ കൂടിയാണ്.

........ ................................................................സ്കൂളിൽ 2025-26 വർഷത്തിൽ ഉർദു ഭാഷാ പഠനവുമായി ബന്ധപെട്ട് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന അക്കാദമിക, ഭൗതിക, സാമൂഹ്യ പ്രവർത്തനങ്ങളും നിർദേശങ്ങളും താഴെ ചേർക്കുന്നു.

**പൊതു ലക്ഷ്യങ്ങൾ**

- ഉർദു ഭാഷ പഠനം ആയാസവും രസകരവുമാക്കി ആസ്വാദന പഠനം കുട്ടികൾക്ക് സാധ്യമാക്കുക.
- ഉർദു ഭാഷ, സാഹിത്യം എന്നിവയുമായി ബന്ധപ്പെട്ട പൊതു വിജ്ഞാനം നേടുന്നതിനുള്ള സന്ദർഭം സൃഷ്ടിക്കുക.
- തൊഴിൽ അനുബന്ധ മത്സരപരീക്ഷകൾക്ക് ആവശ്യമായ തയ്യാറെടുപ്പുകൾ നടത്തുക.
- ഉർദു ഭാഷ പഠനവുമായി ബന്ധപ്പെട്ട് കരിക്കുലം വിഭാവനം ചെയ്യുന്ന പഠനനേട്ടങ്ങൾ എല്ലാ കുട്ടികളും ആർജിക്കുക.
- ഉർദു പഠിക്കുന്ന എല്ലാ കുട്ടികൾക്കും ഏഴാം ക്ലാസ് കഴിയുമ്പോഴേക്കും ഉർദു വായിക്കാനും കേട്ടെഴുതാനും അത്യാവശ്യം സാഹിത്യ രചനകൾ നടത്താനുമുള്ള ശേഷി ഉറപ്പാക്കുക.
- മുഴുവൻ കുട്ടികൾക്കും വിവിധ ജീവിത സന്ദർഭങ്ങളുമായി ബന്ധപ്പെട്ട് ഉർദു ഭാഷ സംസാരിക്കാൻ കഴിയും എന്ന് ഉറപ്പുവരുത്തുക.
- ഉർദു ഭാഷാ പഠനത്തിലൂടെ ജനാധിപത്യ മതേതരത്വ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന കുട്ടികളെ വാർത്തെടുക്കുക.
- വിവിധ കലാപരമായ കഴിവുകൾ അവതരിപ്പിക്കാനും ആസ്വദിക്കാനുമുള്ള കഴിവ് നേടുക.
- എല്ലാ കുട്ടികൾക്കും ഭംഗിയുള്ള കയ്യെഴുത്ത് സ്വായത്തമാക്കാനുള്ള പരിശീലനം നൽകുക.
- ഉന്നത പഠനത്തിന് പോകുന്ന കുട്ടികൾക്ക് ആവശ്യമായ ആക്കാദമിക നിലവാരം ഉണ്ടാക്കി എടുക്കുക.
- ഉർദു ഭാഷയെകുറിച്ച് സാമാന്യ അവബോധം വളർത്തിയെടുക്കുക.
- കുട്ടികളുടെ സർഗ്ഗാത്മക ശേഷികൾ വളർത്തുകയും, രചനാ ശേഷികൾക്ക് പ്രോത്സാഹനം നൽകുകയും ചെയ്യുക.
- വിവിധ ദിനാചരണങ്ങളിലൂടെ ഭാഷാപരമായ ശേഷികൾ വളർത്തുക.

| നമ്പർ | പ്രവർത്തനം | പ്രവർത്തന ഘട്ടം | കാലയളവ് | ചുമതല | ഫണ്ട് | വിലയിരുത്തൽ |
|---|---|---|---|---|---|---|
| 1 | **പഠേം ആഗെ ബഢേം**<br>ഉർദു വായന | വായന മത്സരങ്ങൾ, ക്വിസ് മത്സരങ്ങൾ,ബാലമാസികകൾ, ഉർദു പത്രങ്ങൾ,വായന കാർഡുകൾ തുടങ്ങിയവ വായനക്ക് ലഭ്യമാക്കൽ. | വിവിധ ദിനാചരണങ്ങളിൽ | ഉർദു സബ്ജക്ട് കൗൺസിൽ | 1500 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| 2 | **മേരെ അൽഫാസ്**<br>ഉർദു കയ്യെഴുത്ത് മാഗസിൻ | രചനാ ശേഷി വളർത്തൽ, ഉർദുവിൽ മികച്ചതും ഭംഗിയുള്ളതുമായ കൈ എഴുത്ത് എന്നീ ലക്ഷ്യ പൂർത്തീകരണത്തിനും, കുട്ടികളിലെ സർഗ്ഗാത്മകത | ടേം ൽ 1 വീതം | ഉർദു സബ്ജക്ട് കൗൺസിൽ | 1000 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |

| | | | | | | |
|---|---|---|---|---|---|---|
| | | വളർത്തുന്നതിനും വേണ്ടി കയ്യെഴുത്ത് മാസിക, ചുമർ പത്രിക നിർമണം ,വായന കാർഡ് നിർമാണം | | | | |
| 3 | **e-ദുനിയ** ഉർദു ടൈപ്പിംഗ് | കുട്ടികൾക്ക് ഉർദു ടൈപ്പിംഗിൽ പരിശീലനം നൽകൽ. പ്രിന്റഡ് പതിപ്പുകൾ, വായന കാർഡ് തുടങ്ങിയവ തയ്യാറാക്കൽ. | ഒരു വർ ഷം | ഉർദു ക്ലബ്ബ് സബ്ജക്ട് കൗൺ സിൽ | 1000 | എച്ച്.എം, സബ്ജക്ട് കൗൺ സിൽ |
| 4 | ഡിജിറ്റൽ മാഗസിൻ | കുട്ടികളിലെ രചനകൾ ഉൾപ്പെടുത്തി കൊണ്ട് ഡിജിറ്റൽ മാഗസിൻ തയ്യാറാക്കൽ. | വർഷത്തിൽ ഒന്ന് | ഉർദു ക്ലബ്ബ് | 2500 | എച്ച്.എം, സബ്ജക്ട് കൗൺ സിൽ |
| 5 | **ഖസാന-എ ഇൽമ്** പൊതുവിജ്ഞാനം | പൊതുവായതും ഉർ ദുവിലുള്ളതുമായ പൊതുവിജ്ഞാനം കുട്ടികളിലെത്തിക്കുന്നതിന് വേണ്ടി ക്വിസ് മത്സരങ്ങൾ സംഘടിപ്പിക്കുക. | ടേം ൽ 1 വീതം | ഉർദു ക്ലബ്ബ് | 200 | എച്ച്.എം, സബ്ജക്ട് കൗൺ സിൽ |
| 6 | മുശാഇറ | ഉർദു ഗസലിനേയും ഹിന്ദുസ്ഥാനി സംഗീതത്തേയും അടുത്തറിയുന്നതിനും സംഗീത വാസനയുള്ള കുട്ടികളെ കണ്ടെത്തുന്നതിനും മുശാഇറയും ഗസൽ സായാഹ്നവും സംഘടിപ്പിക്കുക. | വർഷത്തിൽ ഒന്ന് | ഉർദു ക്ലബ്ബ് | 7000 | എച്ച്.എം, സബ്ജക്ട് കൗൺ സിൽ |
| 7 | **ഹം മിലേം** ഉർദുക്യാമ്പ് | കുട്ടികളിലെ രചനാപരമായ കഴിവുകൾ പരിപാഷിപ്പിക്കുന്നതിനുതകും വിധം കവിത, കഥ, ഉപന്യാസ ക്യാമ്പുകൾ നടത്തുക. ഉർദു സാഹിത്യകാരന്മാരുടെ ക്ലാസുകൾ സംഘടിപ്പിക്കുക. | വർഷത്തിൽ ഒന്ന് | ഉർദു ക്ലബ്ബ് | 10000 | എച്ച്.എം, സബ്ജക്ട് കൗൺ സിൽ |
| 8 | ഷോർട്ട് ഫിലിം | കുട്ടികളിലെ അഭിനയ കഴിവും, അവതരണ ശേഷിയും പരിപോഷിപ്പിക്കും വിധം വിവിധ വിഷയ സംബന്ധമായ ഷോർട്ട് ഫിലിമുകൾ തയ്യാറാക്കൽ. | വർഷത്തിൽ ഒന്ന് | ഉർദു ക്ലബ്ബ് | 6000 | എച്ച്.എം, സബ്ജക്ട് കൗൺ സിൽ |
| 9 | ഉർദുദിനം | ടാലന്റ് മീറ്റ്<br>അക്ഷര മരം<br>ഭാഷാ സെമിനാർ<br>എന്റെ പതിപ്പ് | അതത് ദിനങ്ങളിൽ | ഉർദു ക്ലബ്ബ് | 2000 | എച്ച്.എം, സബ്ജക്ട് കൗൺ സിൽ |
| 10 | വായന ആസ്വാദനം | കുട്ടി വായന , അമ്മയും-കുഞ്ഞും വായന ആസ്വാദന കുറിപ്പ് , പുസ്തക ചർച്ച ,ക്വിസ് മത്സരം ,മെഗാ ക്വിസ്. | ഒരു വർഷം | ഉർദു ക്ലബ്ബ് | 700 | എച്ച്.എം, സബ്ജക്ട് കൗൺ സിൽ |
| | തലാഷ് | പ്രാദേശിക പഠന യാത്രകൾ | | | | എച്ച്.എം, |

| | | | | | | |
|---|---|---|---|---|---|---|
| 11 | | സംഘടിപ്പിക്കൽ | വർഷത്തിൽ ഒന്ന് | ഉർദു ക്ലബ്ബ് | 10000 | സബ്ജക്ട് കൗൺസിൽ |
| 12 | ദിനാചാരണങ്ങൾ | ഭാഷാ ശേഷി വളർത്തുന്നതിനുതകുന്ന രീതിയിൽ വിവിധ ദിനാചരണ പരിപാടികൾ സംഘടിപ്പിക്കൽ. | അതത് ദിനങ്ങളിൽ | ഉർദു ക്ലബ്ബ് | 500 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| 13 | തൊഴിൽ നൈപുണി | തൊഴിൽ നൈപുണി വളർത്തുന്നതിന് വേണ്ടി വിവിധ പരിശീലനങ്ങൾ സംഘടിപ്പിക്കൽ. | വർഷത്തിൽ ഒന്ന് | ഉർദു ക്ലബ്ബ് | 2000 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| 14 | **ഉർദു കെ മോത്തിയാം** ഉർദു സാഹിത്യത്തെ പരിചയപ്പെടൽ | ഉർദു സാഹിത്യ രൂപങ്ങളെയും ഉർദു സാഹിത്യകാരന്മാരെയും പരിചയപ്പെടുത്തുന്ന പൊതുവേദി ഒരുക്കുക. ഉർദുവിലെ പ്രസിദ്ധരായ എഴുത്തുകാരുടെ രചനകൾ പരിചയപ്പെടുത്തുക | വർഷത്തിൽ ഒന്ന് | ഉർദു ക്ലബ്ബ് | 500 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |

# അക്കാദമിക മാസ്റ്റർ പ്ലാൻ - ഇംഗ്ലീഷ്

മേഖല : അക്കാദമികം

ഉപമേഖല : ഇംഗ്ലീഷ്

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ/ സാമ്പത്തികം |
|---|---|---|---|---|---|
| 1 | തെറ്റില്ലാതെ അനായാസം ഇംഗ്ലീഷ് വായിക്കാനും എഴുതാനുമുള്ള ശേഷി വളർത്തിയെടുക്കൽ. | * ഇംഗ്ലീഷിലുള്ള പ്രാവീണ്യം മനസ്സിലാക്കാനുള്ള പരിശോധന<br>* സ്കൂൾ ക്യാമ്പസിൽ ഇംഗ്ലീഷിലും ആശയവിനിമയം നടത്തൽ<br>* ഇംഗ്ലീഷ് ഡയറി ദിവസവും എഴുതുന്നതിനുള്ള ശ്രമം<br>* ഇംഗ്ലീഷിലുള്ള വാർത്താ വായന | വർഷം മുഴുവനും | ഇംഗ്ലീഷ് അധ്യാപകർ | ഇംഗ്ലീഷ് അധ്യാപകർ |
| 2 | സർഗ്ഗശേഷി വികസനം | *സ്കൂൾ കലോത്സവത്തിലെ ഇംഗ്ലീഷ് ഇനങ്ങൾക്ക് പരിശീലനം<br>* പാഠഭാഗങ്ങൾ വ്യത്യസ്ത വ്യവഹാര രൂപത്തിലേക്ക് മാറ്റി അവതരിപ്പിക്കൽ (Skit, Drama,conversation) | പ്രതിമാസം | ഇംഗ്ലീഷ് അധ്യാപകർ | ഇംഗ്ലീഷ് അധ്യാപകർ, |
| 3 | ഇംഗ്ലീഷ് ലൈബ്രറി | * ക്ലാസ് തലത്തിൽ പുസ്തകങ്ങളാൽ സമ്പന്നമായ ലൈബ്രറി<br>* പുസ്തകങ്ങൾ തരംതിരിക്കൽ, വിതരണം | വർഷം മുഴുവനും | ഇംഗ്ലീഷ് അധ്യാപകർ | ഇംഗ്ലീഷ് അധ്യാപകർ |

| | | | | | |
|---|---|---|---|---|---|
| 4 | സംവാദ ക്ലാസുകൾ സംഘടിപ്പിക്കുക( ഇംഗ്ലീഷിൽ ആശയവിനിമയം നടത്തുന്നതിനുള്ള ശേഷി നേടൽ ) | *Interaction with Ajith Parameswaran( പൂർവ്വ വിദ്യാർത്ഥി, 8 th std ഇംഗ്ലീഷ് പാഠപുസ്തകത്തിലെ 'Talking of Science'-Interview with Ajith Parameswaran)<br>* ഇംഗ്ലീഷിൽ അനായാസം സംസാരിക്കാനുള്ള അവസരം ലഭിക്കുന്നതിലൂടെ ഭാഷയുടെ ശൈലിയും ഉച്ചാരണവും പരിചയപ്പെടുന്നു | വർഷം ഒന്ന് (ജൂൺ) | ഇംഗ്ലീഷ് അധ്യാപകർ | SRG, ഇംഗ്ലീഷ് അധ്യാപകർ |
| 5 | ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം കൊടുക്കുക | English Prayer | ആഴ്ചയിൽ ഒന്ന് | ഇംഗ്ലീഷ് അധ്യാപകർ | ഇംഗ്ലീഷ് അധ്യാപകർ |
| 6 | ICT സാധ്യതകൾ ലോക ഭാഷയായി ഇംഗ്ലീഷ് പഠനത്തിന് ഉപയുക്തമാക്കൽ | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട് വീഡിയോ പ്രദർശനം, കവിത കേൾപ്പിക്കൽ, കത്ത് തയ്യാറാക്കൽ മുതലായവ | പ്രതിമാസം | ഇംഗ്ലീഷ് അധ്യാപകർ | SRG |
| 7 | English movie theatre | *English movie പ്രദർശനം<br>* ഇംഗ്ലീഷിൽ ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ | വർഷം 2 | ഇംഗ്ലീഷ് അധ്യാപകർ | SRG, ഇംഗ്ലീഷ് അധ്യാപകർ |
| 8 | English quiz | *Literature, Grammar തുടങ്ങിയവയുമായി ബന്ധപ്പെട്ട് ഇംഗ്ലീഷ് ക്വിസ് നടത്തുന്നു. | വർഷം 2 (Term1,2) | ഇംഗ്ലീഷ് അധ്യാപകർ | ഇംഗ്ലീഷ് അധ്യാപകർ |
| 9 | പരീക്ഷാ വിജയത്തിന് കുട്ടികളെ പ്രാപ്തരാക്കൽ | പഠന പിന്തുണ ആവശ്യമുള്ള കുട്ടികൾക്ക് പ്രത്യേക മോഡ്യൂൾ പ്രകാരം ക്ലാസുകൾ സജ്ജമാക്കൽ | വർഷം മുഴുവനും | ഇംഗ്ലീഷ് അധ്യാപകർ | ഇംഗ്ലീഷ് അധ്യാപകർ |

# അക്കാദമിക മാസ്റ്റർ പ്ലാൻ–ഹിന്ദി

**മേഖല– അക്കാദമികം**

**ഉപമേഖല–ഹിന്ദി**

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ/ സാമ്പത്തികം |
|---|---|---|---|---|---|
| 1 | ദേശീയ ഭാഷ എന്ന നിലയിൽ ഹിന്ദി ഒഴുക്കോടെയും ഉച്ചാരണ ശുദ്ധിയോടെയും വായിക്കാനുള്ള കഴിവ് വളർത്തിയെടുക്കുക | * വായനയിലെ പരിമിതികൾ മനസ്സിലാക്കാനുള്ള ശ്രമം<br>* വായിക്കാനുള്ള കാർഡുകൾ<br>* അക്ഷരങ്ങൾ ഉറപ്പിക്കാനുള്ള ശ്രമങ്ങൾ. | 3 മാസം | ഭാഷാധ്യാപകർ | |
| 2 | ഹിന്ദി ഭാഷാ വ്യവഹാരങ്ങൾ തെറ്റുകൂടാതെ എഴുതാനുള്ള ശേഷി വികസിപ്പിക്കുക. | * വായനാ കാർഡ് നിർമ്മാണം.<br>* ദിനംപ്രതി പുതിയ ഒരു ഹിന്ദി വാക്ക്.<br>* ഹിന്ദി കയ്യെഴുത്ത് പതിപ്പ്. | ഒരു വർഷം | ഭാഷാധ്യാപകർ | |
| 3 | ഹിന്ദിയിൽ കലകൾ അവതരിപ്പിക്കാനും ആസ്വദിക്കാനും ഉതകുന്ന തരത്തിൽ സർഗ്ഗ വൈഭവങ്ങൾ പരിപോഷിപ്പിക്കൽ. | * അവതരണത്തിനും ആസ്വാദനത്തിനുമുള്ള ക്ലാസ് സർഗ്ഗ വേള.<br>* ഹിന്ദി ഉത്പന്നങ്ങളുടെ പ്രദർശനത്തിന് ഹിന്ദി കോർണർ. | മാസത്തിൽ ഒരിക്കൽ | ഭാഷാധ്യാപകർ | |
| 4 | ഹിന്ദിയുമായി ബന്ധപ്പെട്ട പ്രധാന ദിനങ്ങൾ ആഘോഷിക്കുന്ന തിലൂടെ ഹിന്ദിയിൽ താല്പര്യം വർധിപ്പിക്കൽ. | * ഹിന്ദി സാഹിത്യ പ്രതിഭകളെ പരിചയപ്പെടുത്തൽ<br>* ഹിന്ദി ക്ലബ്ബിന്റെ വിവിധങ്ങളായ പ്രവർത്തനങ്ങൾ.<br>* സ്വാതന്ത്ര്യദിന റിപ്പബ്ലിക് ദിന സന്ദേശങ്ങളും ഗാനങ്ങളും ഹിന്ദിയിൽ. | ഹിന്ദി ക്ലബ്ബ് | ഭാഷാധ്യാപകർ | |
| 5 | കുട്ടികളെ സ്കൂൾ കലോത്സവത്തിൽ ഹിന്ദി ഇനങ്ങൾക്ക് സജ്ജമാക്കൽ. | * വിവിധ മത്സരങ്ങൾ | യഥാസമയം | ഭാഷാധ്യാപകർ | |
| 6 | ഹിന്ദി ഭാഷാ പഠനത്തിന് ഐസിടി സാധ്യതകൾ പ്രയോജനപ്പെടുത്തൽ | * ഹിന്ദി പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ഡിജിറ്റൽ വിഭവങ്ങൾ. | വർഷം മുഴുവൻ | ഭാഷാധ്യാപകർ + SITC | |
| 7 | ഭാഷാ പഠനത്തിലൂടെ പാർശ്വവൽക്കരിക്കപ്പെട്ടവരെ മുഖ്യധാരയിലേക്ക് എത്തിക്കുക. | * എക്സ്ട്രാ ആക്ടിവിറ്റീസ്<br>* കൈത്താങ്ങ്<br>* ഗൃഹ സന്ദർശനം. | യഥാസമയം | മുഴുവൻ അധ്യാപകർ | |

## RMHS MELATTUR

അക്കാദമിക മാസ്റ്റർ പ്ലാൻ ശാസ്ത്രം **2025-26**

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പരിസ്ഥിതിയെക്കുറിച്ച് അവബോധം ഉണ്ടാക്കാൻ | സ്കൂൾ സൗന്ദര്യവൽക്കരണം. 'പ്ലാസ്റ്റിക് മലിനീകരണം അവസാനിപ്പിക്കുക' ബോധവൽക്കരണ ക്ലാസ് | ജൂൺ 5 | സയൻസ് ക്ലബ് | സയൻസ് അധ്യാപകർ |
| ശാസ്ത്ര പ്രവർത്തനങ്ങളിൽ കുട്ടികളുടെ പങ്കാളിത്തം ഉറപ്പുവരുത്താൻ | ഓരോ ക്ലാസിൽ നിന്നും രണ്ടു കുട്ടികളെ വീതം കണ്ടെത്തി സ്കൂൾതല സയൻസ് ക്ലബ്ബിന് രൂപം നൽകി | ജൂൺ 15 മുതൽ 25 വരെ | സയൻസ് അധ്യാപകർ | |
| യഥാർത്ഥ ജീവിത പരിഹാരത്തിനായി കുട്ടികളിൽ നിന്ന് നൂതന ആശയങ്ങൾ കണ്ടെത്താൻ. സർഗാത്മകവും സാമൂഹിക പ്രാധാന്യമുള്ള ആശയങ്ങൾ കണ്ടെത്താൻ | വൈ ഐ പി ഇൻസ്പെയർ അവാർഡ് | ജൂൺ 16 മുതൽ | സയൻസ് അധ്യാപകർ | |
| സയൻസ് ക്ലബ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും പ്രോത്സാഹനം നൽകുന്നതിന് | ശാസ്ത്ര ക്ലബ്ബിന്റെ ഉദ്ഘാടനവും ശാസ്ത്രജ്ഞനുമായുള്ള അഭിമുഖവും | ജൂലൈ 4 | സയൻസ് അധ്യാപകർ | പിടിഎ |

| | | | | |
|---|---|---|---|---|
| ബഹിരാകാശ പഠനത്തിന്റെ സാധ്യതകളെക്കുറിച്ച് കുട്ടികളിൽ അവബോധം ഉണ്ടാക്കാൻ ബഹിരാകാശ യാത്രയുടെ ചരിത്രം മനസ്സിലാക്കാൻ | കൊളാഷ് നിർമ്മാണം<br>ക്വിസ്<br>വീഡിയോ പ്രദർശനം | ജൂലൈ 21 മുതൽ 28 വരെ | സയൻസ് ക്ലബ്ബ് | |
| ശാസ്ത്ര തത്വങ്ങളെ പൊതുജനങ്ങൾക്കു മുമ്പിൽ അവതരിപ്പിക്കുന്നതിനും ശാസ്ത്രം സമൂഹ നന്മയ്ക്ക് | ശാസ്ത്ര നാടക കളരി<br>ശാസ്ത്ര നാടകത്തിന് അഭിനയിക്കാൻ താല്പര്യമുള്ള കുട്ടികളെ കണ്ടെത്തുന്നു | ഓഗസ്റ്റ് | സയൻസ് ക്ലബ്ബ് | |
| ശാസ്ത്രാഭിരുചി വളർത്തുന്നതിനും ശാസ്ത്ര ഗവേഷണത്തിൽ താല്പര്യമുണ്ടാക്കുന്നതിനും | സ്കൂൾതലത്തിൽ ശാസ്ത്രമേള സംഘടിപ്പിക്കുന്നു | സെപ്റ്റംബർ | സയൻസ് ക്ലബ് | |
| ശാസ്ത്രം നേരിട്ട് മനസ്സിലാക്കുന്നതിന് | പഠനയാത്ര | ഡിസംബർ | | |

# ആർ.എം.എച്ച്.എസ്.എസ് മേലാറ്റൂർ

# സോഷ്യൽ സയൻസ് അക്കാദമിക മാസ്റ്റർ പ്ലാൻ 2025 – 26

| നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | പഠിതാക്കളെ ചരിത്രാവഭോധം ഉള്ളവരാക്കുക, ചരിത്രബോധ ത്തിൽ നിന്നും ഭാവി രൂപപ്പെടു ത്തുക. | ചരിത്ര പ്രാധാന്യമുള്ള സ്ഥല ങ്ങളിലേക്ക് ഫീൽഡ് ട്രിപ്പു കൾ സംഘടിപ്പിക്കുന്നു. | നിശ്ചയിച്ച തിയ്യതി കളിൽ (അക്കാദ മിക വർഷം) | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 2 | ജനാധിപത്യം ഒരു ജീവിതശൈ ലിയാക്കി മാറ്റിയെടുക്കുക, പൗര ബോധം, മൂല്യബോധം ഇവ വളർത്തുക. | സ്കൂൾ പാർലമെന്റ്, ഭരണ ഘടനാ പതിപ്പ് തയ്യാറാക്കൽ, പൗരബോധം, സാമൂഹ്യസേ വനം ഇവയ്ക്കായുള്ള പ്രവർത്തനങ്ങൾ നടത്തുന്നു. | അക്കാദമിക വർഷ ത്തിലെ പ്രത്യേകം തിരഞ്ഞെടുത്ത ദിനങ്ങൾ | സാമൂഹ്യശാസ്ത്ര അധ്യാപകർ | സ്കൂൾ, കുട്ടികൾ |
| 3 | ഭൂപടവനായന കുട്ടികളിൽ വളർത്തുക, സ്ഥലനിർണ്ണയം നടത്തുവാൻ പഠിക്കുക എന്ന ലക്ഷ്യം കൈവരിക്കുക. | ഭൂപടവായന പ്രോത്സാഹിപ്പി ക്കുന്ന കൂടുതൽ പ്രവർത്തന ങ്ങൾ കാഴ്ചവെക്കുന്നു, അറ്റ്ലസ് നിർമ്മാണം | വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

| | | | | | |
|---|---|---|---|---|---|
| 4 | കുട്ടികളിൽ ഉന്നത നിലവാരം കൈവരിക്കാൻ ഉതകുന്ന പൊതുവിജ്ഞാനം വളർത്തുക. | സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട പൊതുവിജ്ഞാന മേഖല പരിപോഷിപ്പിക്കുന്ന ക്വിസുകൾ, ദിനാചരണങ്ങൾ, പ്രശ്നോത്തരി, സംവാദം എന്നിവയെക്കുറിച്ച് കൂടുതൽ വ്യക്തമായ ധാരണ നൽകുക. ചരിത്ര സിനിമ പ്രദർശനം | അക്കാദമിക വർഷം മുഴുവൻ | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 5 | വ്യത്യസ്ത ഇനം മണ്ണിനെക്കുറിച്ചും, ജലാശയങ്ങളെക്കുറിച്ചും, കാറ്റുകൾ, സമുദ്രങ്ങൾ, പർവ്വതങ്ങൾ ഇവയെല്ലാം പരിചയപ്പെടുത്തുക എന്ന ലക്ഷ്യം | വിവിധ മേഖലകളെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്ന പ്രവർത്തനങ്ങൾ | അക്കാദമിക വർഷം മുഴുവൻ | സാമൂഹ്യശാസ്ത്ര അധ്യാപകർ | സ്കൂൾ, കുട്ടികൾ |

# RMHS MELATTUR

## MASTERPLAN-MATHS

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. ആശയധാരണ കൈവരിക്കൽ | പ്രിടെസ്റ്റ് നടത്തി ലിസ്റ്റ് തയ്യാറാക്കൽ | ജൂൺ ആദ്യവാരം | അധ്യാപകർ | |
| 2.നിർമ്മിതികളി ലെശേഷി കൈവരിക്കൽ | ജ്യാമിതീയ പെട്ടിയുടെ ലഭ്യത | തുടർ പ്രവർത്തനം | അധ്യാപകർ | |
| 3.ഗണിതത്തെ നിത്യജീവിതവുമായി ബന്ധിപ്പിച്ച് ആശയങ്ങളുടെ പ്രാധാന്യം കൈവരിക്കൽ | ഒഴിവുസമയങ്ങിലെ ചർച്ചകൾ | തുടർ പ്രവർത്തനം | അധ്യാപകർ | |
| 4.ഗണിത ആശയങ്ങളിൽ നിന്നും ഉടലെടുക്കുന്നഗണിതരൂപങ്ങൾ,അളവുകൾ ഇവ പരിചയപ്പെടൽ | ക്ലബ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷത്തിൽ ഒന്ന് | അധ്യാപകർ, ഗണിതക്ലബ് | |
| 5.തുടർപഠനം സാധ്യമാക്കി അടിസ്ഥാനം ഉറപ്പിക്കുന്നു. | ചർച്ചകൾ,പഠനാസൂത്രണം,പിന്തുണക്ലാസ് എന്നിവയിലൂടെ ലക്ഷ്യം കൈവരിക്കാം. | തുടർ പ്രവർത്തനം | അധ്യാപകർ,മുന്നോക്കം നിൽക്കുന്ന കുട്ടികൾ. | |
| 6.ഗണിത വിഷയത്തിന് കുട്ടികളുടെ മികച്ച സംഭാവനകൾ | സെമിനാറുകൾ, അസൈൻമെൻറുകൾ | ഒഴിവുസമയങ്ങളിൽ | അധ്യാപകർ | |
| 7.ഗണിത മത്സര വേദികളിൽ കുട്ടികളുടെസാന്നിധ്യം ഉറപ്പിക്കൽ | ഗണിത ക്ലബിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ,മത്സരങ്ങൾക്ക് പ്രാപ്തരാക്കൽ. | ജൂലൈ | ക്ല്ബ് കൺവീനർ, അധ്യാപകർ | |

| | | | | |
|---|---|---|---|---|
| 8. ഗണിത പഠനത്തിൽ താൽപര്യംവർദ്ധിപ്പിക്കാൻ ചുമർ ചിത്രങ്ങൾ | ഭിന്നസംഖ്യകൾ,ഗണിതാശയങ്ങൾ,ജ്യാമിതീയ രൂപങ്ങൾ എന്നിവ ചാർട്ടിൽ പ്രദർശിപ്പിക്കാം. | തുടർ പ്രവർത്തനം | അധ്യാപകർ | |
| 9.രക്ഷിതാക്കളെ ബോധവൽക്കരിക്കൽ. | നിരന്തരം രക്ഷിതാക്കളുമായി ബന്ധപ്പെടുക,CPTA | തുടർപ്രവർത്തനം | അധ്യാപകർ | |


RM HIGHER SECONDARY SCHOOL
RAVIVARMANUNNI MOOPIL ERADI MEMORIAL HIGH SCHOOL
MELATTUR